# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 ജൂൺ 19 | ദീപം 58 | നാളം 15 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


ജൂൺ 19 വായനദിനം

# വായനയുടെ വാതായനങ്ങൾ




രാജീവ് അങ്ങാടിക്കൽ




മനുഷ്യൻ അവന്റെ എല്ലാ കാര്യങ്ങളും അറിഞ്ഞുതുടങ്ങുന്നത്; അതു സൂക്ഷ്മരൂപത്തിലാവാം, അമ്മയിൽനിന്നാണ്. മനുഷ്യൻ മാത്രമല്ല ജന്തുജാലങ്ങൾ ഒക്കെത്തന്നെ അതിന്റെ അതിജീവനത്തിനുള്ള ബാലപാഠങ്ങൾ അമ്മയിൽനിന്നാണു പഠിക്കുന്നത്. ആ അർഥത്തിൽ ആദ്യത്തെ പുസ്തകം അമ്മയാണെന്നുപറയാം. അക്ഷരമുദ്രിതമായിട്ടുള്ള പുസ്തകങ്ങൾ പിന്നീടു വരുന്നതാണ്. അതിന്റെ വായനയ്ക്കും ആദ്യം വഴിമരുന്നിടുന്നതും അമ്മയോ മാതൃതുല്യരോ ആണ്. അമ്മയോ മുത്തശ്ശിയോ മറ്റു മാതൃതുല്യരോ സരസമായി പറയുന്ന കഥകളും ഗാനങ്ങളും പിന്നീട് വായനയ്ക്കുള്ള പ്രേരണകളായി മാറുന്നു. ആ അർഥത്തിൽ നമുക്ക് ഭാവനാപരവും ചിന്താപരവും യുക്ത്യനുസൃതവുമായ ജീവിതത്തിന്റെ നിർമ്മിതിക്ക് വായന സഹായകമാകുന്നു; എങ്ങനെയാണോ മാതൃശിക്ഷണവും ഉപദേശങ്ങളും മാതൃസ്തന്യവും ഒരു വ്യക്തിയുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കു വെള്ളവും വളവുമാവുന്നത്, അതുപോലെ വായനയും, മാനസികവും ഭാവനാപരവും സാമൂഹികവും സാംസ്കാരികവുമായ എല്ലാത്തരം വളർച്ചയ്ക്കും കാരണമാകുന്നു. ചുരുക്കത്തിൽ ഒരു സമ്പൂർണ്ണവ്യക്തിയായി വളരാൻ വായന മനുഷ്യനെ സഹായിക്കുന്നു.

വിവിധാർഥങ്ങളുള്ള ഒരു പദമാണ് വാസ്തവത്തിൽ വായന. ഗ്രന്ഥപാരായണം എന്ന അർഥത്തിൽ വായന വരും മുമ്പേ പല നിലയ്ക്കുള്ള വായനകൾ നടക്കുന്നുണ്ട്. പ്രകൃതിയെ വായിക്കുക, അനുഭവങ്ങളെ വായിക്കുക, കാലഭേദങ്ങളെ വായിക്കുക, സഹജീവികളുടെ വികാരങ്ങളെയും വിചാരങ്ങളെയും വായിക്കുക, അദ്ധ്വാനത്തെയും അതിന്റെ വകഭേദങ്ങളെയും വായിക്കുക എന്നിങ്ങനെ വായനയുടെ ഒരു പൂർവകാലം ഗ്രന്ഥരചനയ്ക്കു മുമ്പേ നടക്കുന്നുണ്ട്. ഈ വായനയുടെ ഭൗതികരൂപം എന്ന നിലയിലാണ് പിന്നീട് ഒരു പുസ്തകം പിറവിയെടുക്കുന്നത്. അതിൽനിന്നാണ് സാങ്കേതികമായി, നാം വായന എന്നു പൊതുവിൽപറയുന്ന ഗ്രന്ഥപാരായണം ഉണ്ടാവുന്നത്. ചുരുക്കത്തിൽ നാം വായിക്കുന്നത് സൂക്ഷ്മദൃക്കായ ഒരാളുടെ വായനയുടെ വായനയാണ്. അങ്ങനെ നോക്കുമ്പോൾ വായന അനാദിയാണ്. ഇവിടെ വരാവുന്ന ഒരു സംശയം'മനസ്സിലാക്കൽ' എന്ന പദത്തിനു പകരംവയ്ക്കുന്ന വാക്കല്ലേ 'വായന' എന്നതാണ്. ആവാം. പക്ഷേ, സാധാരണമായി മനസ്സിലാക്കൽ എന്ന പദം പ്രകാശിപ്പിക്കാത്ത, വികാരവിചാരങ്ങളെയും സാംസ്കാരികബോധത്തെയും ശരിതെറ്റുകളെയും കലാത്മകമായി സ്വീകരിച്ചുകൊണ്ട് 'മനസ്സിലാക്കുന്നു' എന്നൊരു അധികസൗന്ദര്യവും അവകാശപ്പെടലും വായനയ്ക്കുണ്ട്. ആ മൂല്യത്തിന്റെ തുടർച്ചയാണ് എഴുത്തിലേക്കും എഴുത്തിന്റെ വായനയിലേക്കും വരുന്നത്.

സാങ്കേതികമായ വായനയ്ക്ക് കുറഞ്ഞൊരു പ്രായമേ അവകാശപ്പെടാനുള്ളൂ. അത് വാമൊഴിയിൽനിന്നു വരമൊഴിയിലേക്ക് അറിവും അനുഭവവും പരിണമിച്ചതിനുശേഷമുള്ള പ്രായമാണ്. പക്ഷേ, അതിനുമുമ്പേ മുൻസൂചിപ്പിച്ച പല വായനകളും നടന്നുകഴിയുന്നു. അത്രയും വിപുലമായ മുൻവായനയുടെ ഫലവും പോഷകങ്ങളുമാണ് ഒരു പുസ്തകം പകർത്തിവയ്ക്കുന്നതും പുസ്തകവായനയിലൂടെ നമുക്കു പകർന്നുകിട്ടുന്നതും. തന്റെ ചുറ്റുപാടുകളെ - ചുറ്റുപാടുകൾ എന്നത് നേരത്തേ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും എന്ന അർഥത്തിലാണ് - വായിക്കുന്ന ഒരാൾ ഒരു പുസ്തകത്തിനു രൂപംകൊടുക്കുമ്പോൾ അവിടെ വസ്തുതകൾക്കൊപ്പം അയാളുടെ വികാരവിചാരങ്ങളും ഭാവനകളുംകൂടി കലരുന്നു. അതു തികച്ചും മറ്റൊരാളുടെ വികാരവിചാരങ്ങളിൽനിന്നു വിഭിന്നമാവുകയും ഒരു കാഴ്ചതന്നെ വിവിധങ്ങളായ കാഴ്ചകൾ സമ്മാനിക്കുകയും ചെയ്യുന്നു. അവിടെ അറിവുകളുടെയും അനുഭവങ്ങളുടെയും വിവിധങ്ങളായ പാറ്റേണുകൾ മനസ്സിലാക്കുകയാണ് ഒരു വായനക്കാരനു ലഭിക്കുന്ന സൗഭാഗ്യം. അതുവഴി ഓരോ വായനക്കാരനും ഭാവനാശാലിയും ബഹുമുഖമായ കാഴ്ചകൾക്കു സമർഥനുമാവുന്നു. നിരന്തരമായ വായന, ജീവിതത്തിന്റെ വിരസമായ അനുഭവങ്ങളിൽനിന്നും സജീവവും വിസ്മയകരവുമായ കാഴ്ചയുടെ കാലിഡോസ്കോപ്പ് സമ്മാനിക്കുകയാണ് ചെയ്യുക. നവംനവങ്ങളായ കാഴ്ചപ്പാടുകളിലൂടെ സമൂഹത്തെയും ജീവിതത്തെയും നോക്കിക്കാണാൻ ഇതു നമ്മെ സഹായിക്കുന്നു. ഈ പാഠമാണ് 'വായിച്ചാൽ വിളയും' എന്ന വരിയിലൂടെ കുഞ്ഞുണ്ണിമാഷ് സൂചിപ്പിക്കുന്നത്.

ഒരു സമൂഹത്തെ നേർവഴിക്കു നടത്തുന്നത് നിയമത്തെക്കാൾ അധികം ധാർമ്മികബോധമാണ് അഥവാ ആയിരിക്കണം. അവിടെയാണ് സ്വാഭാവികമായ സ്വാസ്ഥ്യത്തിന്റെ വെളിച്ചം നിറയുന്നത്. നിയമലംഘനത്തിനു ശിക്ഷിക്കപ്പെടുന്ന നിയമംപോലും ലംഘിക്കപ്പെടാം. നിയമത്തെപ്പോലും അനുസരിക്കണമെന്നു പ്രേരിപ്പിക്കുന്ന ഒരു ധാർമ്മികബോധമുണ്ട്. ഇത് ഉണ്ടാവുന്നത് ഏറിയകൂറും കുട്ടിക്കാലം മുതൽ കേൾക്കുന്ന കഥകളിലൂടെയും വായന അഥവാ പുസ്തകങ്ങൾ നൽകുന്ന ബോധരൂപീകരണത്തിലൂടെയുമാണ്. ഒരു വ്യക്തിയെയും സമൂഹത്തെയും ധാർമ്മികവൽക്കരിക്കുക എന്നത് ചെറിയ കാര്യമല്ല. അതു സംഭവിക്കുന്നതാകട്ടെ, മഹത്തായ പുസ്തകങ്ങളുടെ വായനയിലൂടെയും പറഞ്ഞുപകർന്ന അവയിലെ ഉള്ളടക്കത്തിലൂടെയും ഉദ്ബോധനത്തിലൂടെയുമാണ്. സംസാരിക്കുന്ന പക്ഷിമൃഗാദികളെയും സഞ്ചരിക്കുന്ന വൃക്ഷലതാദികളെയും ഒക്കെ ഉപാധികളാക്കി കുട്ടിക്കാലത്ത് നമ്മുടെ താൽപര്യങ്ങളെ ആകർഷിച്ചുകൊണ്ട് നമ്മിലേക്കു കടന്നുവരുന്ന കഥകൾ ഫാന്റസികൾക്കപ്പുറത്തു സൃഷ്ടിച്ചെടുക്കുന്നത് സമൂഹത്തിനാവശ്യമുള്ള ചിന്താപദ്ധതിയുടെ ഒരു രൂപരേഖയാണ്. ഇവിടെയാണ് നല്ല പുസ്തകങ്ങളും നല്ല വായനയും, നല്ല മനുഷ്യനെയും സമൂഹത്തെയും സൃഷ്ടിക്കുന്നത്.

പുസ്തകവായനതന്നെ പലവിധമുണ്ട്. പഠനാവശ്യത്തിനുവേണ്ടിയും വിവരശേഖരണത്തിനുവേണ്ടിയും സിലബസ് അനുസരിച്ചു വായിക്കുന്ന ഒരു വായനയുണ്ട്. പക്ഷേ, സാധാരണ നമ്മൾ വായന എന്നു വിവക്ഷിക്കുന്നത് സാഹിത്യരൂപങ്ങളുടെ വായനതന്നെയാണ്. സാഹിത്യരൂപങ്ങളിലാണ് നാം നിത്യേന കാണുന്ന കാഴ്ചകളും അനുഭവങ്ങളും ഹൃദയംഗമമായ മറ്റൊരു രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നത്.

മുമ്പു സൂചിപ്പിച്ചതുപോലെ ഒരു വസ്തുത എഴുത്തുകാരന്റെ ഭാവനാലോകത്തു നടക്കുന്ന രാസമാറ്റത്തിലൂടെ പുതുതായ ഒന്നോ പലതോ ആയ ചിന്താധാര വായനക്കാരനിൽ സൃഷ്ടിക്കാൻ പാകത്തിൽ പിറവികൊള്ളുന്നു. കാഴ്ചകൾക്കപ്പുറത്ത് കാഴ്ചപ്പാടുകൾ രൂപീകരിക്കാൻ വായനകൾ പ്രേരകമാവുന്നത് അവിടെയാണ്. ഒരു കാര്യം 'മനസ്സിലാക്കുക' എന്നതിനുപകരം 'വായിക്കുക' എന്നുപറയുമ്പോൾ അവിടെ കലാത്മകമായ ഒരു താദാത്മീകരണത്തിന്റെ സങ്കല്പംകൂടിയുണ്ട്.


►14

# ബൈബിളിനു പരിഷ്കാരമോ?

ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

കേരളത്തിൽ, പ്രത്യേകിച്ച് കത്തോലിക്കരുടെയിടയിൽ, സർവസാധാരണമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വിശുദ്ധ ബൈബിളിന്റെ വിവർത്തനമാണ് പി ഒ സി ബൈബിൾ എന്നറിയപ്പെടുന്നത്. കഴിഞ്ഞയാഴ്ച ആ ബൈബിളിന്റെ പരിഷ്കരിച്ച പതിപ്പ് പ്രകാശനം ചെയ്യുകയുണ്ടായി. അതു കഴിഞ്ഞപ്പോൾ പലരുടെയും ഒരു സംശയം ബൈബിൾ പരിഷ്കരിക്കാനാവുമോ എന്നതായിരുന്നു. 'ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ സമസ്തവും നിറവേറുവോളം നിയമത്തിൽനിന്ന് വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു' (മത്താ 5:19) എന്നല്ലേ തിരുവചനം പറയുന്നത്? പിന്നെ എങ്ങനെയാണ് ബൈബിളിനു പരിഷ്കാരമുണ്ടാകുന്നത്? ബൈബിൾ പരിഷ്കരിക്കുക എന്നു പറഞ്ഞാൽ എന്താണ് അർഥമാക്കുന്നത്? ഈ ബൈബിൾ ഇപ്രകാരം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത എന്തായിരുന്നു? ഇത്രയുംനാൾ വായിച്ചിരുന്നതെല്ലാം തെറ്റായിരുന്നോ? പഴയ ബൈബിൾ അസാധുവായി മാറുമോ? പരിഷ്കരിച്ചതിനുശേഷം എന്തെല്ലാം മെച്ചമാണ് ഉണ്ടായിട്ടുള്ളത്? എന്നിങ്ങനെയുള്ള സംശയങ്ങളും പലരും ചോദിക്കുന്നുണ്ട്.




ആദ്യമായിത്തന്നെ ഒരുകാര്യം പറയട്ടെ: ബൈബിൾ പരിഷ്കരിക്കുകയല്ല ചെയ്തത്; മറിച്ച്, ബൈബിളിന്റെ മലയാളവിവർത്തനമാണ് പരിഷ്കരിച്ചത്. മുകളിൽ പറഞ്ഞ തിരുവചനം, അതായത്, നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലായെന്നു പറയുന്നത് വചനത്തിന് ഒരു മാറ്റവും വരുകയില്ലായെന്നു പറയുവാനാണ്. വചനം ഈശോമിശിഹാതന്നെയാണ്; ഈശോമിശിഹായിലൂടെയുള്ള വെളിപ്പെടുത്തലാണ്; മിശിഹായിലൂടെയുള്ള രക്ഷാകരപദ്ധതിയാണ്. അതിന് ഒരു മാറ്റവും വരുകയില്ല എന്നു പറയുവാനാണ് നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലാ എന്നു പറയുന്നത്. അല്ലാതെ, എഴുതപ്പെട്ട ബൈബിളിലെ അക്ഷരങ്ങളിൽ, അതിന്റെ വിവർത്തനങ്ങളിൽ മാറ്റം ഒന്നും വരുകയില്ലാഎന്നു പറയുവാനല്ല. വചനം നമുക്കു കൈമാറിക്കിട്ടിയത് എഴുതപ്പെട്ട ബൈബിളിലൂടെയും വിശുദ്ധപാരമ്പര്യങ്ങളിലൂടെയുമാണ്. വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയും കൈമാറിക്കിട്ടിയ ദൈവികവെളിപാടിന് അതിന്റെ പൂർണതയായി മിശിഹാരഹസ്യമാകുന്ന വചനത്തിന് ഒരു മാറ്റവും വരുകയില്ലാ എന്നാണ് തിരുവചനം പ്രതിപാദിക്കുന്നത്.

**ബൈബിളിന്റെ മൂലകൃതികൾ**

ബൈബിൾ ആദ്യമായി എഴുതപ്പെട്ട ഭാഷകളാണ് മൂലഭാഷകൾ എന്നറിയപ്പെടുന്നത്. ബൈബിളിന്റെ മൂലകൃതികൾ തയ്യാറാക്കിയിരിക്കുന്നത് പ്രധാനമായും മൂന്നു ഭാഷകളിലാണ്. പഴയനിയമത്തിലെ പുസ്തകങ്ങൾ പ്രധാനമായും ഹീബ്രുഭാഷയിൽ എഴുതപ്പെട്ടതാണ്. എന്നാൽ, പഴയനിയമകാലത്തിന്റെ അവസാനകാലത്ത് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടത്. ദാനിയേൽ, എസ്രാ എന്നീ പുസ്തകങ്ങളിലെ ഏതാനും അധ്യായങ്ങൾ അറമായഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. പുതിയനിയമഗ്രന്ഥങ്ങൾ എല്ലാം ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടത്.

**ബൈബിളിന്റെ വിവർത്തനങ്ങൾ**

ഏറ്റവുമധികം ഭാഷകളിലേക്കു വിവർത്തനം ചെയ്തിരിക്കുന്ന പുസ്തകമാണ് ബൈബിൾ. മൂവായിരത്തിയെഴുന്നൂറിലധികം ഭാഷകളിലേക്കു ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ബൈബിളിന്റെ പ്രാചീനവിവർത്തനങ്ങൾ ഗ്രീക്ക്, അറമായ, സുറിയാനി, ലത്തീൻ, കോപ്റ്റിക്ക്, അർമേനിയൻ തുടങ്ങിയ ഭാഷകളിലേക്കുള്ളവയാണ്. ഹീബ്രു ഭാഷയിലെഴുതപ്പെട്ടിരുന്ന പഴയനിയമഗ്രന്ഥങ്ങളെല്ലാം മിശിഹായുടെ മനുഷ്യാവതാരത്തിനു മുമ്പുതന്നെ ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ടിരുന്നു. ഒരു ഭാഷയിൽനിന്നു മറ്റൊരുഭാഷയിലേക്കു വിവർത്തനം ചെയ്യുമ്പോൾ മൂലകൃതികൾ എഴുതിയ അതേ അർഥത്തിൽത്തന്നെ പൂർണമായും വിവർത്തനം ചെയ്യാൻ സാധിക്കുകയില്ല. വിവർത്തനം ചെയ്യപ്പെടുന്ന ഭാഷകളുടെ പ്രത്യേകതകളനുസരിച്ച് അല്പം വ്യതിയാനങ്ങൾ ഉളവാകാം. എല്ലാ വിവർത്തനങ്ങളും വ്യാഖ്യാനങ്ങളാണ് എന്നു പറയപ്പെടുന്നത് അതുകൊണ്ടാണ്. പ്രാചീന വിവർത്തനങ്ങളിലും ഇപ്രകാരമുള്ള വ്യത്യാസങ്ങൾ കാണാം. പ്രാചീനഭാഷകളിലേക്കും വ്യത്യസ്തമായ വിവർത്തനങ്ങൾ ഉണ്ടായിരുന്നു. 1382ൽ ജോൺ വൈക്ലിഫും കൂട്ടരും വിവർത്തനം പൂർത്തിയാക്കിയ ബൈബിളായിരുന്നു ഇംഗ്ലീഷ് ഭാഷയിലേക്കുള്ള ബൈബിളിന്റെ ആദ്യ സമ്പൂർണവിവർത്തനം. ഭാരതീയഭാഷകളിലേക്കുള്ള ആദ്യ വിവർത്തനം തമിഴ്ഭാഷയിലേക്കുള്ളതായിരുന്നു. 1715ൽ ജർമൻ മിഷനറിയായിരുന്ന ബർത്തൊലോമിയോ സീഗെൻബാൽഗ് ആണ് ഈ വിവർത്തനം തയ്യാറാക്കിയത്.




**ബൈബിൾവിവർത്തനങ്ങൾ മലയാളഭാഷയിൽ**

മലയാളഭാഷയിലേക്ക് ആദ്യമായി ബൈബിൾ വിവർത്തനം ചെയ്തത് 1811-ൽ കായങ്കുളം ഫിലിപ്പോസ് റമ്പാനും കൂട്ടരും ചേർന്നാണ്. ഇത് സുറിയാനിഭാഷയിൽനിന്നുള്ളതായിരുന്നു. വിശുദ്ധ വേദപുസ്തകം എന്നപേരിലായിരുന്നു ഇതറിയപ്പെട്ടിരുന്നത്. 1829-1841 കാലഘട്ടത്തിൽ ബഞ്ചമിൻ ബെയിലി എന്ന മിഷനറി സമ്പൂർണബൈബിളിന്റെ മലയാളവിവർത്തനം തയ്യാറാക്കി. മൂലഭാഷയിലുള്ള ബൈബിളും ഇംഗ്ലീഷ് വിവർത്തനവും അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം മലയാളത്തിലേക്കു ബൈബിൾ പരിഭാഷപ്പെടുത്തിയത്. 1910ൽ ബെയിലിയുടെ ബൈബിൾവിവർത്തനം പരിഷ്കരിച്ച് സത്യവേദപുസ്തകം എന്ന പേരിൽ സമ്പൂർണ ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. 2016ൽ സത്യവേദപുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കപ്പെട്ടു.

**ബൈബിളിന്റെ മലയാളവിവർത്തനം കേരളകത്തോലിക്കാസഭയിൽ**

കത്തോലിക്കരുടെയിടയിലും വിവിധങ്ങളായ ബൈബിൾവിവർത്തനങ്ങൾ ഉണ്ടായിരുന്നു. മഞ്ഞുമ്മേൽ കർമലീത്താവൈദികരുടെ നേതൃത്വത്തിലും മാന്നാനത്തുനിന്നു കർമലീത്താവൈദികരുടെ നേതൃത്വത്തിലും ബൈബിൾ വിവർത്തനം ചെയ്തിരുന്നതുകൂടാതെ മോൺസിഞ്ഞോർ മൂത്തേടൻ സ്വന്തമായ പ്രയത്നത്താൽ ബൈബിൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തിരുന്നു. പുതിയനിയമത്തിന്റെ സുറിയാനിപരിഭാഷയുടെ മലയാളം വിവർത്തനവും പ്രസിദ്ധീകരിച്ചിരുന്നു. വ്യക്തിപരമായി മറ്റു ചിലരും ബൈബിളിലെ പുസ്തകങ്ങൾ ഭാഗികമായി വിവർത്തനം ചെയ്തിരുന്നു.

**പി ഒ സി ബൈബിൾ**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിൽ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള പ്രമാണരേഖയായ ദെയി വെർബും (ദൈവവചനം) പ്രകാരം വിശുദ്ധ ഗ്രന്ഥത്തിന്റെ മൂലരൂപത്തോടു വിശ്വസ്തതപുലർത്തുന്നതും പ്രമാദരഹിതവുമായ വിവർത്തനങ്ങൾ ദൈവജനത്തിനു സംലഭ്യമാക്കാൻ പ്രാദേശികസഭകൾ ശ്രദ്ധിക്കണം (ദൈവവചനം 22) എന്നു പഠിപ്പിക്കുന്നുണ്ട്. അതിൻപ്രകാരമാണ് കേരളകത്തോലിക്കാസഭയുടെ ഒന്നിച്ചുള്ള പ്രവർത്തനഫലമായി പിഒസി ബൈബിൾ ആദ്യമായി പ്രസിദ്ധീകരിച്ചത്. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നിർദേശപ്രകാരം കേരളസഭയ്ക്കുവേണ്ടി ബൈബിളിന്റെ മലയാളവിവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾ 1967ൽ ആരംഭിക്കുകയും 1971ൽ പുതിയനിയമത്തിന്റെ മലയാളവിവർത്തനം പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് പഴയനിയമത്തിന്റെ മലയാളപരിഭാഷയും ഉൾപ്പെടുത്തി 1981ൽ സമ്പൂർണബൈബിൾ പ്രസിദ്ധീകരിച്ചു. അതാണ് പി ഒ സി ബൈബിൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. കേരള കത്തോലിക്കാസഭകളുടെ പൊതുവായ അജപാലനകേന്ദ്രമായിരുന്നു പി ഒ സി (Pastoral Orientation Centre). അവിടെനിന്നു പ്രസിദ്ധീകരിച്ചതുകൊണ്ട് പി ഒ സി ബൈബിൾ എന്നറിയപ്പെട്ടിരുന്നു.



**ബൈബിൾ പരിഷ്കരിക്കൽ**

വിവിധഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ട ബൈബിളുകൾ പ്രാചീനഭാഷകളിലായാലും ആധുനികഭാഷകളിലായാലും പുതുതായി വിവർത്തനം ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ട്. പ്രാചീനഭാഷകളായ ഗ്രീക്ക്, സുറിയാനി, അറമായ, ലത്തീൻ എന്നീഭാഷകളിലും വിവിധ വിവർത്തനങ്ങളും അവയുടെ പരിഷ്കരണങ്ങളും നടന്നിട്ടുണ്ട്. ഇംഗ്ലീഷ്ഭാഷയിൽ ആധികാരികവിവർത്തനമായി (Authorised version) 1611ൽ തയ്യാറാക്കിയത് 1882ൽ പരിഷ്കരിച്ച വിവർത്തനമായും (Revised Version) 1952ൽ പരിഷ്കരിച്ച ആധികാരികവിവർത്തനമായും (Revised Standard Version) 1989ൽ പുതിയപരിഷ്കരിച്ച ആധികാരിക വിവർത്തനമായും (New Revised Standard Version) പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുകൂടാതെ ഇംഗ്ലീഷ് ഭാഷയിൽ മറ്റു പല വിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. 1966ൽ പ്രസിദ്ധീകരിച്ച ജറുസലം ബൈബിൾ (Jerusalem Bibile) 1985-ൽ New Jerusalem Bibile ആയും 2019ൽ Revised New Jerusalem Bibile ആയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളത്തിൽ പ്രചുരപ്രചാരം നേടിയിരുന്ന സത്യവേദപുസ്തകം 2016ൽ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിരുന്നു. ഇപ്രകാരം ബൈബിൾവിവർത്തനങ്ങൾ ന്യൂനതകൾ ഒഴിവാക്കിയും ഭാഷയുടെ വളർച്ചയ്ക്കനുസൃതമായും കാലാകാലങ്ങളിൽ പരിഷ്കരിക്കുക എന്നത് സ്വാഭാവികമായി നടക്കുന്ന, നടക്കേണ്ട പ്രക്രിയയാണ്. അപ്രകാരമാണ് പി ഒ സി ബൈബിളും പരിഷ്കരിച്ചു പ്രസിദ്ധീകരിക്കുന്നത്.

ഭാഷാലാലിത്യത്താലും വായനക്ഷമതയാലും പരക്കെ ജനമനസ്സുകളിൽ സ്ഥാനം നേടിയ ബൈബിളായിരുന്നു പിഒസി ബൈബിൾ. കേരളസഭയിലും പൊതുസമൂഹത്തിലും ദൈവവചനം എത്തിക്കുന്നതിൽ പിഒസി ബൈബിളിന്റെ സംഭാവന വളരെ വലുതാണ്. എങ്കിലും ഭാഷയുടെ ലാളിത്യത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളാലും മൂലകൃതികളെക്കാൾ അധികമായി ആധുനികവിവർത്തനങ്ങളെ, പ്രത്യേകിച്ച് ഇംഗ്ലീഷ് വിവർത്തനമായ RSV ഉപയോഗിച്ചിരുന്നതുകൊണ്ടും മൂലഭാഷയിൽനിന്ന് അകൽച്ച

ശേഷം 7-ാം പേജിൽ

# പാതിവെന്ത പരിസ്ഥിതിയാചരണം



**ഡിജോ കാപ്പൻ**

ദക്ഷിണകൊറിയയിലെ ജെജു ദ്വീപിൽവച്ച് ജൂൺ അഞ്ചാം തീയതി ലോകപരിസ്ഥിതിദിനാചരണം നടന്നു. കഴിഞ്ഞ അമ്പത്തിമൂന്നു വർഷമായി നടക്കുന്ന ഈ ദിനാചരണം കൊണ്ട് സമൂഹത്തിൽ എന്തു മാറ്റം കൊണ്ടുവരാൻ നമുക്കു കഴിഞ്ഞുവെന്നു പരിശോധിക്കപ്പെടേണ്ടതാണ്. ഈ വർഷത്തെ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ചുള്ള മുദ്രാവാക്യം 'ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ' എന്നതായിരുന്നു. പരിസ്ഥിതിദിനാചരണത്തിന്റെ വാർത്തകൾ വായിച്ചും കണ്ടും കേട്ടും ശേഷം പാലായിൽനിന്നു മീനച്ചിലാറിന്റെ തീരംവഴി പോകുന്ന മുത്തോലി - ചേർപ്പുങ്കൽ റോഡിലൂടെയുള്ള യാത്രയാണ് ഈ കുറിപ്പെഴുതാനുള്ള പ്രേരണ. റോഡിന്റെ ഇരുവശത്തും, അന്തരിച്ച പ്രൊഫ. കെ.കെ. എബ്രാഹംസാർ വച്ചുപിടിപ്പിച്ച മനോഹരമായ ചെടികൾ! ആറ്റിലേക്കു ദൃഷ്ടി പതിപ്പിച്ചപ്പോൾ റോഡിൽ കണ്ട സന്തോഷം പെട്ടെന്നു നഷ്ടപ്പെട്ട് അമർഷവും ദുഃഖവും ഉള്ളിൽ അണപൊട്ടി. മീനച്ചിലാറിന്റെ ഇരുകരകളിൽനിന്നിരുന്ന പല വൃക്ഷങ്ങളും കടപുഴകി ആറ്റിലേക്കു വീണുകിടക്കുന്നു. അതിന്റെ ശിഖരങ്ങളിലെല്ലാം നൂറുകണക്കിന് പ്ലാസ്റ്റിക് കവറുകൾ പറ്റിപ്പിടിച്ചിരിക്കുന്നു. മേയ് അവസാനവാരത്തിൽ പെയ്ത ശക്തമായ മഴയിൽ ഒഴുകിയെത്തിയവയാണ് ഇവയെല്ലാം. മരക്കമ്പുകളിൽ ഉടക്കിയതിന്റെ നൂറിരട്ടി ഈ ആറ്റിൽക്കൂടി ഒഴുകി കടലിൽ എത്തിയിട്ടുണ്ടാവും. ആരാണ് ഇതിനു കാരണക്കാർ? നമ്മൾ സ്വയം ചോദിക്കേണ്ടിയിരിക്കുന്നു.

മീനച്ചിലാറ്റിലൂടെ ഒഴുകിയെത്തുന്നതുപോലെ നമ്മുടെ മറ്റു നദികളിൽക്കൂടിയും ഒഴുകിയെത്തുന്ന എത്ര ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് നമ്മുടെ സമുദ്രം ഉൾക്കൊള്ളേണ്ടിവരുന്നതെന്ന് ഇവ അലക്ഷ്യമായി വലിച്ചെറിയുന്ന നമ്മൾ ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ഉപയോഗശേഷമുണ്ടാകുന്ന പ്ലാസ്റ്റിക്മാലിന്യം ശേഖരിക്കാൻ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഹരിതകർമ്മസേന മാസംതോറും ഭവനസന്ദർശനം നടത്തുന്നുണ്ട്. ഇവർക്കെല്ലാം ഓരോ കുടുംബവും അൻപതു രൂപ മാസംതോറും പ്രതിഫലവും നൽകുന്നു. പിന്നെ എന്തിന് ഇവ മണ്ണിലേക്കും പുഴയിലേക്കും വലിച്ചെറിയുന്നു? നമ്മൾ ഓരോരുത്തരും ഒന്നല്ലെങ്കിൽ രണ്ടു കവറുകൾ ആയിരിക്കും പുറത്തേക്കു വലിച്ചെറിയുക. ഇങ്ങനെ കടലിൽ എത്തിച്ചേരുന്നത് പന്ത്രണ്ടു മില്യൺ മെട്രിക് ടൺ പ്ലാസ്റ്റിക്മാലിന്യമെന്നാണ് കണക്കാക്കപ്പെടുന്നത്. മണ്ണിലേക്കെറിയുന്ന പ്ലാസ്റ്റിക് കവറുകൾ അടുത്ത തലമുറയുടെ കാലത്തുപോലും മണ്ണിൽ അലിഞ്ഞുചേരുകയില്ലെന്നത് ഇതിന്റെ ഭീകരത എത്ര മാത്രം രൂക്ഷമാണെന്നു വ്യക്തമാക്കുന്നു.

മൂന്നാഴ്ചയ്ക്കുള്ളിൽ രണ്ടു വലിയ ചരക്കുകപ്പലുകളാണ് കേരളതീരത്തോടടുത്ത് അപകടത്തിൽപ്പെട്ട് ഗുരുതരപരിസ്ഥിതിമലിനീകരണഭീ



ഷണി ഉയർത്തിക്കൊണ്ടിരിക്കുന്നത്. പരിസ്ഥിതിക്കു ഭീഷണി ഉയർത്തുന്ന ബെൻസോ ഫെനോൺ, ട്രൈക്ലോറോബെൻസിൻ, ഈതൈൽ ക്ലോറോ ഫോർമേറ്റ്, ഡൈമീതൈൽ സൾഫേറ്റ് തുടങ്ങി നിരവധിയിനം കീടനാശിനികളും രാസവസ്തുക്കളും അടങ്ങിയ കണ്ടെയ്നറുകളാണ് കടലിൽ പതിച്ചിരിക്കുന്നത്. എം.എസ്.സി.എൽസ-3 എന്ന കപ്പലിന്റേതിനേക്കാൾ ഗുരുതരപാരിസ്ഥിതികനാശത്തിന് കാരണമാകുന്നത് വാൻഹയി 503 എന്ന കപ്പലിന്റെ അപകടമാണെന്ന് ഈ രംഗത്തെ വിദഗ്ധർ പറയുന്നു. എൽസ കപ്പലപകടത്തെത്തുടർന്ന് പ്ലാസ്റ്റിക് ഗ്രാനൂളുകൾ കടലിലെ പാറക്കെട്ടുകളിലും തീരപ്രദേശങ്ങളിലും കൂട്ടമായി അടിഞ്ഞുകൂടുന്നത് വലിയ പ്രതിസന്ധി സൃഷ്ടിക്കും. യുഎന്നിന്റെ നേതൃത്വത്തിൽ 2026 ലെ പരിസ്ഥിതിമുദ്രാവാക്യം 'ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ' എത്ര പ്രചാരണകോലാഹലത്തോടെ നടത്തിയാലും ഇത്തരത്തിലുണ്ടാകുന്ന പ്രതിസന്ധികളെ ലോകം അഭിമുഖീകരിക്കേണ്ടിവരും. ഒരു മരംവച്ചു പിടിപ്പിച്ചതുകൊണ്ട് ഒഴിവാക്കാൻ കഴിയുന്നതല്ല, ഇവയൊന്നും.

പരിസ്ഥിതിപ്രവർത്തകർ ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വിവിധ പരിപാടികളോടെ പരിസ്ഥിതിദിനം ആചരിച്ച വാർത്ത കാണാൻ ഇടയായി. സ്കൂൾ വളപ്പിലുള്ള മരമുത്തശ്ശിയെ പൊന്നാട അണിയിച്ചാദരിച്ച് കുട്ടികൾ മരത്തെ കെട്ടിപ്പുണർന്ന് സ്നേഹചുംബനം നൽകുകയും ചെയ്തു. ഏതു വൃക്ഷത്തിനും പ്രകൃതിക്ക് ഓക്സിജൻ സംഭാവന ചെയ്യാൻ കഴിയുന്ന ഒരു കാലഘട്ടം ഉണ്ട്. അതു കഴിഞ്ഞാൽ ആ മരം ഭൂമിയിൽ വളർന്നുനിൽക്കുന്നത് ഗുണത്തെക്കാൾ ദോഷമാണു ചെയ്യുന്നതെന്ന കാര്യം പലരും മറക്കുന്നു.

മറ്റൊരു കുടുംബം സോഷ്യൽ മീഡിയായിൽ എടുത്ത പ്രതിജ്ഞയുംകൂടി വായനക്കാരുടെ അറിവിലേക്ക് കുറിക്കുന്നു. ഇതിലെ ശരിതെറ്റുകൾ പരിശോധിക്കപ്പെടാം. ഇവരുടെ പ്രതിജ്ഞ ഇപ്രകാരമാണ്: മരങ്ങൾ ഓക്സിജന്റെ പ്രധാന ഉറവിടമാണെന്നും മരങ്ങൾ നട്ടു മാത്രം പ്രകൃതിയെ സംരക്ഷിക്കാമെന്നുമുള്ള പൊതുബോധം തെറ്റാണെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. മറിച്ച്, ഭൂമിയിലെ അന്തരീക്ഷ ഓക്സിജന്റെ ഭൂരിഭാഗവും ഉത്പാദിപ്പിക്കുന്നത് കടലിലെ ആൽഗകളാണെന്നുള്ള യാഥാർഥ്യം ഞങ്ങൾ തിരിച്ചറിയുന്നു. പത്തു ലിറ്റർ പെട്രോൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന കാർബൺ ഡയോക്സൈഡ് ഒരു മരം ഒരു വർഷം ആഗിരണം ചെയ്യുന്നുള്ളൂ എന്നുള്ള ശാസ്ത്രീയസത്യം ഞങ്ങൾ തിരിച്ചറിയുന്നു. അന്ധമായ വനവത്കരണത്തെക്കാൾ, നഗരങ്ങളിലെ മാലിന്യം ഓടകളിലൂടെയും തോടുകളിലൂടെയും നദികളിലേക്കും കായലുകളിലേക്കും ഒടുവിൽ സമുദ്രത്തിലേക്കും ഒഴുക്കിവിടുന്ന അശാസ്ത്രീയമായ നഗരവത്കരണത്തെയാണ് ആദ്യം നിയന്ത്രിക്കേണ്ടതെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. നഗരങ്ങളിൽ എസിയുടെയും മൾട്ടിപ്ളക്സുകളുടെയും വൻകിട കോൺക്രീറ്റ് ഫ്ളാറ്റുകളുടെയും സുഖലോലുപതയിൽ മുഴുകി ജീവിക്കുന്ന ഒരുകൂട്ടം പരിസ്ഥിതിവാദികളുടെ പാപഭാരം സാധാരണക്കാരായ, അന്യവത്കരിക്കപ്പെട്ട കർഷകരുടെ തലയിൽ കെട്ടിവയ്ക്കാനുള്ള തന്ത്രമായിരുന്നു ഇത്തരം പ്രചാരണങ്ങളെല്ലാം എന്ന സത്യവും ഞങ്ങൾ മനസ്സിലാക്കുന്നു. ഇനി ഒരിക്കലും അശാസ്ത്രീയവും സ്വാർഥതാത്പര്യപരവുമായ പരിസ്ഥിതിവാദത്തെ പിന്തുണയ്ക്കുകയില്ലെന്നും ശാസ്ത്രീയമായ പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടി പ്രയത്നിക്കുമെന്നും ഈ പരിസ്ഥിതിദിനത്തിൽ ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. ജയ്കിസാൻ എന്ന അഭിവാദ്യത്തോടെയാണ് ഈ ദമ്പതികളുടെ പ്രതിജ്ഞ അവസാനിപ്പിക്കുന്നത്. ■

35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം
+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

# ഹൃദയത്തിന്റെ നൊമ്പരങ്ങൾ

## സൂക്ഷിക്കുക, ഹൃദ്രോഗമില്ലാതെയും നെഞ്ചുവേദന



ഡോ. ജോർജ് തയ്യിൽ

**ഹൃ**ദയാരോഗ്യത്തിനു ഭീഷണിയാകുന്ന ഏറ്റവും പുതിയ വില്ലനായി മാറുകയാണ് 'അമിതാദ്ധ്വാനത്തിലൂടെ മരണം' എന്നർഥം വരുന്ന 'കരോഷി സിൻസിൻഡ്രോം.' ജപ്പാനിൽ ആഴ്ചയിൽ 40 മണിക്കൂറിനു പകരം 55 മണിക്കൂറിലധികം കഠിനാദ്ധ്വാനം ചെയ്തവരിലാണ് കരോഷി സിൻഡ്രോം എന്ന പ്രതിഭാസം പ്രകടമായത്. ഇക്കൂട്ടരിൽ ഹൃദയസ്തംഭനമുണ്ടാകാനുള്ള സാധ്യത 13 ശതമാനവും സ്ട്രോക്കുണ്ടാകാനുള്ള സാധ്യത 33 ശതമാനവും വർധിച്ചുകണ്ടു. ഉറക്കക്കുറവ് അതിരുകടന്നവരിൽ മാരകമായ ഹൃദയസ്പന്ദനവൈകല്യങ്ങൾ (വെൻട്രിക്കുലർ റ്റാഹികാർഡിയ, ഫിബ്രിലേഷൻ) കൂടുതലായി കണ്ടു. ഇതിന്റെ പ്രത്യാഘാതം തൽക്ഷണമരണമാണ്. ഉറക്കമിളച്ച് ദീർഘനേരം ജോലി ചെയ്യുന്നവരിൽ കാണുന്ന ഹൃദയഘടനാവ്യതിയാനമാണ് മയോകാർഡിയൽ ഫൈബ്രോസിസ്. അത് താളം തെറ്റിയ ഹൃദയമിടിപ്പിലേക്കും ഹൃദയപരാജയത്തിലേക്കും നയിക്കുന്നു. കരോഷി സിൻഡ്രോം കലശലാകുമ്പോൾ ആത്മഹത്യാപ്രവണതയും കൂടുന്നു.

അപ്പോൾ ഹൃദയധമനികളിൽ ബ്ലോക്കില്ലാതെയും പ്രത്യേകമായ മുൻരോഗലക്ഷണങ്ങളില്ലാതെയും സാധാരണ കാണുന്ന ആപത്ഘടകങ്ങളില്ലാതെയും ഒരുവന് ഹൃദയസ്തംഭനമുണ്ടാകാം. ഇങ്ങനെയുള്ളവർക്കാണ് അസ്വാസ്ഥ്യവുമായി ആശുപത്രിയിലെത്തുമ്പോൾ സാധാരണ എടുക്കാറുള്ള ഇ.സി.ജി.യും മറ്റു സൂചകങ്ങളും 'നോർമൽ' എന്നു വിധിയെഴുതപ്പെടുന്നത്.

ആശുപത്രിയിലെ അത്യാഹിതവിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്നവരിൽ ഏതാണ്ട് 25 ശതമാനം പേർക്കും പ്രധാന രോഗലക്ഷണം നെഞ്ചിലെ അസ്വാസ്ഥ്യമാണ്. ഇക്കൂട്ടരിൽ 15–25 ശതമാനം പേർക്കു മാത്രമാണ് ഹൃദയാഘാതമെന്നു രോഗനിർണയം ചെയ്യപ്പെടുന്നത്. ഇവർ പെട്ടെന്നു ചെയ്യേണ്ട പ്രൈമറി ആൻജിയോപ്ലാസ്റ്റി, ലൈറ്റിക് തെറാപ്പി തുടങ്ങിയവകൾക്കായി തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിക്കപ്പെടുന്നു. ബാക്കിയുള്ള ഏതാണ്ട് 75 ശതമാനം പേർക്ക് ഹാർട്ടറ്റാക്കിന്റേതല്ലാത്ത മറ്റിതര അസ്വാസ്ഥ്യങ്ങളാണെന്നോർക്കണം. മനുഷ്യശരീരം അനുഭവിക്കുന്നതിൽവച്ച് ഏറ്റവും കഠിനമായ വേദന ഹാർട്ടറ്റാക്കാണെന്നു പറയാം. എന്നാൽ, കൊറോണറിധമനിയിലെ ബ്ലോക്കിനെത്തുടർന്നുണ്ടാകുന്ന ഹാർട്ടറ്റാക്ക് സംഭവിക്കാതെയും ഹൃദയത്തിലെ മറ്റു ഘടനകളെ ബാധിക്കുന്ന വീക്കംമൂലവും നെഞ്ചിലസ്വാസ്ഥ്യമുണ്ടാകാം. ഇവ കഠിനമായ നെഞ്ചുവേദനയുണ്ടാക്കാം. അതുകൊണ്ടുതന്നെ രോഗനിർണയം ദ്രുതഗതിയിലാക്കി ചികിത്സ വൈകാതെ തുടങ്ങണം.

### പെരികാർഡൈറ്റിസ്

നാനാവിധത്തിലുള്ള വൈറസ്, ബാക്ടീരിയ, അണുബാധകൾ, റേഡിയേഷൻ തെറാപ്പി, നെഞ്ചിലേൽക്കുന്ന പരിക്ക്, അർബുദം തുടങ്ങിയവകൾമൂലം ഹൃദയത്തെ ആവരണം ചെയ്യുന്ന പെരിക്കാർഡിയൽസഞ്ചിക്കു വീക്കവും അപചയവും സംഭവിച്ച് കലശലായ വേദനയുണ്ടാകുന്നു. ശരീരമനങ്ങുമ്പോഴും ശ്വാസം നീട്ടി വലിക്കുമ്പോഴും വേദന കൂടുന്നു. ഇതിന്റെ ചികിത്സയ്ക്ക് വിശ്രമവും വേദനസംഹാരികളും മതിയാകും. ഇ.സി.ജി.യിൽ വ്യതിയാനങ്ങൾ ഉണ്ടാകുന്നതുകൊണ്ട് പെരികാർഡൈറ്റിസ് ചിലപ്പോൾ ഹാർട്ടറ്റാക്കെന്നു തെറ്റിദ്ധരിക്കപ്പെടുന്നു.

### അയോർട്ടിക് ഡൈസെക്ഷൻ

അമിതരക്തസമ്മർദം, ധമനിയിലെ ജരിതാവസ്ഥ, അന്യൂറിസം, വാർധക്യം തുടങ്ങിയ കാരണങ്ങളാൽ അപചയം വർധിക്കുമ്പോൾ മഹാധമനിയുടെ ഭിത്തിയിൽ വിള്ളലുണ്ടാകുന്നു. ചിലയവസരങ്ങളിൽ ഈ പ്രതിഭാസം



ഹാർട്ടറ്റാക്കിനേക്കാൾ ഗുരുതരമായ നെഞ്ചുവേദനയുളവാക്കാം. ഉടനടി ശസ്ത്രക്രിയ ചെയ്യേണ്ടിവരും.

### ബ്രോക്കൺഹാർട്ട് സിൻഡ്രോം

അടങ്ങാത്ത സ്ട്രെസ്സും സ്ട്രെസ് ഹോർമോണുകളുടെ തിരയിളക്കവും ഉണ്ടാക്കുന്ന അപൂർവ പ്രതിഭാസമാണ് 'തക്കോസു ബോകാർഡിയോമയോപ്പതി' അഥവാ ബ്രോക്കൺ ഹാർട്ട് സിൻഡ്രോം. ഇടത്തെ കീഴറയുടെ ഭിത്തികൾ വിങ്ങുകയും കീഴറ ക്രമാതീതമായി വലുതാകുകയും പമ്പിങ് ദ്രുതതാളത്തിലാകുകയും ചെയ്യുന്നു. ഇത് നെഞ്ചുവേദനയും ശ്വാസംമുട്ടലുമുണ്ടാക്കാം. സമുചിതമായ ചികിത്സയും വിശ്രമവുംകൊണ്ട് ഈ അവസ്ഥ ഏതാനും ആഴ്ചകൾക്കുള്ളിൽ സാധാരണനിലയിലാവാം.

ഇനി ഹൃദയഘടനയുമായി ബന്ധപ്പെടാതെ നെഞ്ചിൻകൂടിനുള്ളിലെയും വയറ്റിലെയും വിവിധ രോഗാവസ്ഥകൾമൂലം നെഞ്ചുവേദന അനുഭവപ്പെടാം. ഇവ കലശലായി നെഞ്ചിലസ്വാസ്ഥ്യം ഉണ്ടാക്കുകയും ഹാർട്ടറ്റാക്കെന്നു തെറ്റിദ്ധരിച്ച് വൈദ്യസഹായം തേടുകയും ചെയ്യാം. അത്യാഹിതവിഭാഗത്തിൽ എത്തിച്ചേരുന്ന ഏതാണ്ട് 50–75 ശതമാനംപേരും ഇത്തരത്തിൽ അസ്വാസ്ഥ്യമനുഭവിക്കുന്നവരാണ്.

### ആമാശയത്തിലെ അസിഡിറ്റിയും റിഫ്ളെക്സ് രോഗവും

അമ്ലാംശം വർധിക്കുന്നതിനെത്തുടർന്ന് അന്നനാളത്തിന്റെയും ആമാശയത്തിന്റെയും ഉൾഭിത്തിയിലുണ്ടാകുന്ന വീക്കവും വ്രണങ്ങളും ദുസ്സഹമായ നെഞ്ചെരിച്ചിലുണ്ടാക്കുന്നു. അപഥ്യമായ ഭക്ഷണശൈലിമൂലം ആമാശയാന്ത്രങ്ങളിലെ അസിഡിറ്റി പലപ്പോഴും വർധിക്കുമ്പോൾ അത് അന്നനാളത്തിലേക്കും പടരാറുണ്ട്. ഈ സാഹചര്യത്തിൽ നെഞ്ചെരിച്ചിലും ഗ്യാസ്ട്രബിളും അനുഭവപ്പെടുന്നു. ആമാശയത്തിലെ അമ്ലരസം അന്നനാളത്തിലേക്കു പതിവായി തിരിഞ്ഞൊഴുകുന്ന അവസ്ഥയെ 'ഗേർഡ്' അഥവാ 'ഗ്രാസ്ട്രോ ഈസോഫാജിയൽ റിഫ്ളെക്സ് ഡിസീസ്' എന്നു വിളിക്കുന്നു. എമർജൻസിവിഭാഗത്തിൽ വരുന്ന 20–60 ശതമാനം വരെ പേർക്ക് ഇത്തരത്തിൽ കലശലായ നെഞ്ചെരിച്ചിൽ അനുഭവപ്പെടുന്നതായി പഠനങ്ങൾ സ്ഥിരീകരിക്കുന്നു.

### കോസ്റ്റോ കോൺഡ്രൈറ്റിസും ഫൈബ്രോമയാൽജിയയും

നെഞ്ചിൻകൂട്ടിലെ വാരിയെല്ലുകൾക്കു വീക്കവും നീരുമൊക്കെയുണ്ടാകുന്ന അവസ്ഥയാണ് കോസ്റ്റൊകോൺഡ്രൈറ്റിസ്. ഇതിനെ 'ടീറ്റ്സേ സിൻഡ്രോ'മെന്നും വിളിക്കുന്നു. ഇത്തരം അവസ്ഥയിൽ വാരിയെല്ലുകളുടെ സന്ധികളിൽ സ്പർശിക്കുമ്പോൾ വേദനയനുഭവപ്പെടുന്നു. അത്യാഹിതവിഭാഗത്തിലെത്തുന്ന ഏതാണ്ട് 40 ശതമാനം രോഗികൾക്കും ഇത്തരത്തിൽ കലശലായ നെഞ്ചുവേദനയനുഭവപ്പെടാറുണ്ടെന്നു തെളിയുന്നു. കഠിനാദ്ധ്വാനം, നെഞ്ചിലെ അണുബാധ, നെഞ്ചിലേൽക്കുന്ന ക്ഷതം ഇവയെല്ലാം നെഞ്ചിൻകൂട്ടിലെ അസ്ഥികൾക്കും പേശികൾക്കും വീക്കമുണ്ടാക്കി ശക്തമായ നെഞ്ചുവേദനയുണ്ടാകാൻ കാരണമാകുന്നു.

നെഞ്ചിലെ മാംസപേശികൾക്കുണ്ടാകുന്ന വലിച്ചിലും കട്ടുകഴപ്പും ഒക്കെയാണ് ഫൈബ്രോമയാൽജിയ. ഇതു ദീർഘനാൾ തുടരാം. സ്ഥിരമായ വ്യായാമവും ഔഷധസേവയുമൊക്കെ ഇതിന്റെ കാഠിന്യം കുറയ്ക്കാം. ജനിതകമായ പല കാരണങ്ങളും ഇതിനുപിന്നിൽ പ്രവർത്തിക്കുന്നു.

### ശ്വാസകോശസംബന്ധമായ രോഗാവസ്ഥകൾ

ഹൃദയത്തെ പൊതിഞ്ഞ് നെഞ്ചിന്റെ ഇരുവശങ്ങളിലും സ്ഥിതിചെയ്യുന്ന ശ്വാസകോശങ്ങൾക്കുണ്ടാകുന്ന രോഗാവസ്ഥകൾ വിവിധ കാഠിന്യത്തിലുള്ള നെഞ്ചുവേദനയുണ്ടാക്കുന്നു. ന്യൂമോണിയ, പ്ലൂറസി, പൾമനറി എംബോളിസം ഇവയെല്ലാം അതിൽ പ്രധാനികൾതന്നെ. ശ്വാസകോശങ്ങൾക്കുണ്ടാകുന്ന അണുബാധയും വീക്കവുമാണ് ന്യുമോണിയ. അതേത്തുടർന്ന് ശ്വാസകോശങ്ങളെ ആവരണം ചെയ്തിരിക്കുന്ന പ്ലൂറൽപാളികൾക്കു ബാധിക്കുന്ന വീക്കം ദുസ്സഹമായ വേദനയ്ക്കു കാരണമാകുന്നു. ഇതിനെ 'പ്ലൂറസി' എന്നു വിളിക്കുന്നു. ശ്വാസം വലിക്കുമ്പോൾ രോഗിക്കു കഠിനമായ നെഞ്ചുവേദനയുണ്ടാകുന്നു. വിശ്രമവും ആന്റിബയോട്ടിക്കുകളും വേദനസംഹാരികളുമാണ് ചികിത്സ. കാലുകളിലെ സിരകളിൽ നിന്നെത്തുന്ന രക്തക്കട്ടകൾ ഒഴുകിയെത്തി ശ്വാസകോശങ്ങളിലെ ധമനികളിൽ ബ്ലോക്കുണ്ടാക്കുന്ന പ്രതിഭാസമാണ് 'പൾമനറി എംബോളിസം'. ഉടനടി രോഗനിർണയം ചെയ്ത് ചികിത്സ നൽകിയില്ലെങ്കിൽ മരണം സംഭവിക്കാം. കലശലായ ശ്വാസതടസ്സവും നെഞ്ചുവേദനയും തളർച്ചയുമാണ് ലക്ഷണങ്ങൾ.

### പാനിക് അറ്റാക്ക്

അത്യാഹിതവിഭാഗത്തിൽ ഹൃദയേതരനെഞ്ചുവേദനയുമായി എത്തുന്ന 34.5 ശതമാനം പേർക്കും പാനിക് അറ്റാക്ക് രോഗനിർണയം ചെയ്യാറുണ്ടെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. മറ്റൊരു പഠനത്തിൽ, നെഞ്ചിടിപ്പും നെഞ്ചുവേദനയും ശ്വാസതടസ്സവും തളർച്ചയുമായിവരുന്ന രോഗികളിൽ 23.5 ശതമാനം പേർക്കും പാനിക് അറ്റാക്ക് ഉള്ളതായി തെളിഞ്ഞു. 'എനിക്കു ഹാർട്ടറ്റാക്ക് ഉണ്ട്' എന്നു പറഞ്ഞ് അത്യാഹിതവിഭാഗത്തിലെത്തുന്ന 57 ശതമാനം പേർക്കും പാനിക് അറ്റാക്കാണ് എന്നു പഠനങ്ങൾ തെളിയിച്ചു. ഇക്കൂട്ടരിൽ നടത്തിയ ആൻജിയോഗ്രാഫിയിൽ ബ്ലോക്കുകൾ ഇല്ലാ എന്നു തെളിഞ്ഞു. മറ്റൊരു പഠനത്തിൽ പാനിക് അറ്റാക്ക് എന്നു രോഗനിർണയം ചെയ്ത 50 ശതമാനംപേർ പലതവണ നെഞ്ചുവേദനയുമായി ആശുപത്രിയിലെത്തി. പാനിക് അറ്റാക്ക് രോഗാവസ്ഥയുമായി പല അവ്യക്തരോഗലക്ഷണങ്ങളോടെ ആശുപത്രിയിലെത്തുന്ന 95 ശതമാനം രോഗികൾക്കും കൃത്യമായി രോഗനിർണയം ചെയ്യപ്പെടാതെ മറ്റു പല രോഗാവസ്ഥകൾക്കായി സ്ഥിരമായി ചികിത്സ നൽകപ്പെടാറുണ്ടെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു.

അപ്പോൾ ഒരു ഭിഷഗ്വരന് ഏറ്റവും തലവേദനയുണ്ടാക്കുന്ന ഒരു രോഗാവസ്ഥയാണ് പാനിക് അറ്റാക്കും സൈക്കോജെനിക് നെഞ്ചുവേദനയും. തുടർച്ചയായുണ്ടാകുന്ന മനോസംഘർഷം ശാരീരികരോഗങ്ങളായി മാറുന്ന പ്രതിഭാസമാണ് സൈക്കോജെനിക് രോഗാവസ്ഥ. മനസ്സിനെ തകിടം മറിക്കുന്ന ദൈനംദിനജീവിതത്തിലെ ആഘാതങ്ങൾമൂലം ഭയവും ഉത്കണ്ഠയും വിഷാദാവസ്ഥയും കുമിഞ്ഞുകൂടി ശരീരത്തിൽ പരശതം രോഗാവസ്ഥകളുണ്ടാക്കുന്നു. സാധാരണയെടുക്കുന്ന പരിശോധനകൾകൊണ്ട് ഈ പ്രതിഭാസത്തെ രോഗനിർണയം ചെയ്യാൻ സാധിക്കില്ല. രോഗിയുടെ ദുർഗ്രഹമായ രോഗവിവരണവും നിസ്സഹകരണമനോഭാവവും രോഗനിർണയം ദുഷ്കരമാക്കുന്നു.

കൃത്യമായി രോഗവിവരമെടുക്കുക, ആപത്ഘടകങ്ങളുടെ അതിപ്രസരം, ഇതര ഉദ്ദീപനഘടകങ്ങൾ, ഇ.സി.ജി., എക്കോകാർഡിയോഗ്രാം, ട്രെഡ്മിൽ ടെസ്റ്റ്, ഹോൾട്ടർ മോനിട്ടറിങ്, രക്തപരിശോധന (പ്രത്യേകിച്ച് ട്രോപോണിന്റെ അളവ്), ചെസ്റ്റ് എക്സ്റേ, സി.റ്റി., ആൻജിയോഗ്രാഫി, കൊറോണറിആൻജിയോഗ്രാഫി ഇവയെല്ലാം ആവശ്യാനുസൃതം നെഞ്ചുവേദനയുമായെത്തുന്ന രോഗിയുടെ രോഗനിർണയത്തിനായി പ്രയോജനപ്പെടുത്താം. നെഞ്ചുവേദനയുള്ള രോഗികളിൽ ചിലപ്പോൾ ആദ്യമെടുക്കുന്ന ഇ.സി.ജി.യും ട്രോപോണിനും സാധാരണനിലയിലായിരിക്കാം. അപ്പോൾ ഇവ ആവർത്തിക്കേണ്ടതായി വരാം. ഇനി പരിശോധനകൾ രോഗാവസ്ഥയെപ്പറ്റി വേണ്ടത്ര അറിവു നൽകാതിരിക്കുകയും രോഗിക്ക് നെഞ്ചിലസ്വാസ്ഥ്യം തുടരുകയും ചെയ്താൽ തീർച്ചയായും ആശുപത്രിയിൽ പ്രവേശിപ്പിച്ച് തുടർപരിചരണങ്ങൾ സംവിധാനം ചെയ്യണം. ഹൃദയേതരനെഞ്ചുവേദനയെന്നു സംശയിച്ചാൽ അതുമായി ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തി രോഗനിർണയവും ചികിത്സയും സമഗ്രമാക്കണം.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



വിവേകം നേടിയവനും ശ്രദ്ധാലുക്കളായ ശ്രോതാക്കളോട് സംസാരിക്കുന്നവനും ഭാഗ്യവാൻ.

പ്രഭാഷകൻ 25:9

**എഡിറ്റോറിയൽ**

# കപ്പലപകടം: ജനങ്ങളുടെ ഭീതിയകറ്റണം

ഇതെഴുതുമ്പോഴും അറബിക്കടലിൽ കത്തിപ്പുകഞ്ഞുകൊണ്ടിരിക്കുന്ന ഒരു ചരക്കുകപ്പൽ സൃഷ്ടിക്കുന്ന പാരിസ്ഥിതികദുരന്തഭീതി വലിയ ചോദ്യങ്ങളുയർത്തുന്നു: എന്താണിതിനു കാരണം? ആരാണിതിനുപിന്നിൽ? കഴിഞ്ഞ ജൂൺ ഒമ്പതിനാണ്, ബേപ്പൂർതീരത്തുനിന്ന് 88 നോട്ടിക്കൽ മൈലും (162.98 കിലോമീറ്റർ) കണ്ണൂർ അഴീക്കൽതീരത്തുനിന്ന് 44 നോട്ടിക്കൽ മൈലും (81.4 കിലോമീറ്റർ) അകലെയായി വാൻഹയി 503 എന്ന ചരക്കുകപ്പലിൽ തീപ്പിടിത്തവും പൊട്ടിത്തെറിയുമുണ്ടായത്. 22 ജീവനക്കാരിൽ നാലുപേരെ കാണാതായി. 18 പേരെ രക്ഷപ്പെടുത്തി. കപ്പലിലെ തീ കെടുത്താനുള്ള തീവ്രശ്രമം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

അറബിക്കടലിൽ കേരളതീരത്തോടടുത്ത് രണ്ടാഴ്ചയ്ക്കുള്ളിലുണ്ടായ രണ്ടാമത്തെ കപ്പലപകടമാണിത്. കഴിഞ്ഞ 24നാണ് കൊച്ചി പുറങ്കടലിൽ എംഎസ്സി എൽസ-3 എന്ന ചരക്കുകപ്പൽ ആദ്യം ചെരിയുകയും പിറ്റേന്നു പൂർണമായി മുങ്ങുകയും ചെയ്തത്. വൻതോതിലുള്ള നാശനഷ്ടങ്ങൾക്കു കാരണമായിട്ടും നിയമനടപടികൾക്കു മുതിരാതെ സർക്കാർ മൃദുസമീപനം സ്വീകരിക്കുന്നുവെന്ന ആരോപണം ഉയരുന്നതിനിടെയാണ് അടുത്ത കപ്പലപകടം. കപ്പലിൽനിന്നു കടലിൽ വീണ കണ്ടെയ്നറുകൾ കൂടക്കൂടെ പൊട്ടിത്തെറിച്ചുകൊണ്ടിരിക്കുന്നുവെന്നതും അവയ്ക്കുള്ളിൽ അപകടകരമായ രാസവസ്തുക്കളാണെന്നതും ഏറെ ആശങ്കാജനകമാണ്. കടലിലെയും തീരപ്രദേശത്തെയും ആവാസവ്യവസ്ഥയ്ക്കു വെല്ലുവിളിയുയർത്തുന്ന അതീവഗൗരവതരമായ ഈ വിഷയത്തിൽ സർക്കാർ അലംഭാവം വെടിയണം. ഒരു കപ്പലപകടത്തിന്റെ ആഘാതം മാറുംമുമ്പാണ് അടുത്ത അപകടമെന്നോർക്കണം.

എംഎസ്സി എൽസ-3 ചരക്കുകപ്പൽ മുങ്ങിയ സംഭവത്തിൽ കമ്പനിക്കെതിരേ ക്രിമിനൽ കേസ് വേണ്ടെന്നു സർക്കാർ തീരുമാനിച്ചെങ്കിലും അപകടത്തെക്കുറിച്ചുള്ള ദുരൂഹത ഇപ്പോഴും തുടരുകയാണ്. കപ്പൽക്കമ്പനിയുടെ കൈവശമുള്ള ഇംപോർട്ട് ജനറൽ മാനിഫെസ്റ്റ്, ഇറക്കുമതിക്കാർ നല്കുന്ന ബിൽ ഓഫ് എൻട്രി എന്നിവ പരിശോധിച്ച് നിർണായകവിവരങ്ങൾ പുറത്തുവിടേണ്ട കസ്റ്റംസ്വകുപ്പ് ഇനിയും അതിനു തയ്യാറായിട്ടില്ല. കപ്പലിന്റെ ഫിറ്റ്നസ് സംബന്ധിച്ചു റിപ്പോർട്ട് തയ്യാറാക്കിയ മർക്കന്റൈൽ മറൈൻ ഡിപ്പാർട്ടുമെന്റിന്റെ സർവേയർ റിപ്പോർട്ടും വെളിച്ചം കണ്ടിട്ടില്ല. കപ്പലിന് 28 വർഷത്തെ പഴക്കമുണ്ട്. ഈ സാഹചര്യത്തിൽ മർക്കന്റൈൽ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിനു പ്രാധാന്യമേറെയാണ്. നഷ്ടപരിഹാരം കണക്കാക്കുമ്പോൾ കാലപ്പഴക്കം തെളിയിക്കാനായാൽ ദുരന്തത്തിനിരയായവർക്ക് ഉയർന്ന നഷ്ടപരിഹാരത്തുക ലഭിക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. പക്ഷേ, ഇതിൻമേലുള്ള നടപടി പുരോഗമിക്കുന്നില്ല.

തകർന്ന കപ്പലിനെക്കുറിച്ചുള്ള സത്യം ജനങ്ങളോടു വെളിപ്പെടുത്തണമെന്നു കഴിഞ്ഞദിവസമാണ് ഹൈക്കോടതി സർക്കാരിനോടു പറഞ്ഞത്. എന്നാൽ, ദീർഘകാലപ്രത്യാഘാതങ്ങൾക്കും കോടതിവ്യവഹാരങ്ങൾക്കും ഏറെ സാധ്യതയുള്ള ഈ വിഷയത്തിൽ കേസെടുക്കാതെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കി പ്രശ്നം പരിഹരിക്കാനാണു സർക്കാർ നീക്കം. എന്തെന്നാൽ, മുങ്ങിയ എൽസ-3 കപ്പലിന്റെ ഉടമയായ എംഎസ്സി കമ്പനി വിഴിഞ്ഞം തുറമുഖനടത്തിപ്പുകാരായ അദാനിഗ്രൂപ്പിന്റെ സുപ്രധാന വ്യാപാരപങ്കാളിയാണ്. വിഴിഞ്ഞം തുറമുഖത്തിനു വേണ്ടപ്പെട്ട കമ്പനിയായതിനാൽ എംഎസ്സിക്കു പ്രവർത്തിക്കാൻ കേരളത്തിന്റെ സഹകരണം ആവശ്യമാണെന്ന് ചീഫ് സെക്രട്ടറി എ. ജയതിലക് എഴുതിയ കുറിപ്പ് ഇതിനോടകം പുറത്തുവന്നുകഴിഞ്ഞു. ഈ കാരണം ചൂണ്ടിക്കാട്ടിയാണ് കമ്പനിക്കെതിരേ തത്കാലം ക്രിമിനൽകേസ് വേണ്ടെന്ന് കേന്ദ്ര-സംസ്ഥാനചർച്ചയിൽ തീരുമാനമെടുത്തിരിക്കുന്നത്.

ഏതായാലും എൽസ-3 കപ്പലപകടം സംബന്ധിച്ച പ്രാഥമിക പരിസ്ഥിതി ആഘാതറിപ്പോർട്ട് തയ്യാറായി എന്ന ശുഭകരമായ വാർത്തയാണിപ്പോൾ പുറത്തുവന്നിരിക്കുന്നത്. കപ്പലപകടവും കണ്ടെയ്നറുകൾ കടലിൽ വീണതുംമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടം, ഉപജീവനപ്രശ്നം, ഇവർക്കുവേണ്ടി സർക്കാർ മുടക്കിയ തുക, തീരം വൃത്തിയാക്കാൻ ചെലവിട്ട തുക എന്നിവ കണക്കാക്കിയുള്ള ഇടക്കാല റിപ്പോർട്ടാണു തയ്യാറാക്കിയിരിക്കുന്നത്. കേരളസമൂഹത്തോടു കൂറുണ്ടെങ്കിൽ ഇനിയെങ്കിലും ഷിപ്പിങ് കമ്പനിയിൽനിന്നുനഷ്ടപരിഹാരം ഈടാക്കാനുള്ള ചർച്ചകൾ സർക്കാർ തുടങ്ങിവയ്ക്കണം. ഒപ്പം, വാൻഹയി 503 കപ്പലപകടത്തിന്റെ കാര്യത്തിലും അമാന്തം വെടിഞ്ഞ് ജനങ്ങളുടെ ആശങ്കയകറ്റാൻ ഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു. അടുത്തടുത്തുണ്ടായ രണ്ടു കപ്പലപകടങ്ങൾ സമുദ്രജൈവഘടനയ്ക്കുണ്ടാക്കിയ ആഘാതത്തിന്റെ വ്യാപ്തി അത്രയ്ക്കു വലുതാണ്.

ആദ്യത്തെക്കാൾ ഗുരുതരമാണു രണ്ടാമത്തെ കപ്പലപകടമെന്നാണു വിദഗ്ധർ പറയുന്നത്. അതിനാൽത്തന്നെ വാൻഹയി കപ്പലപകടത്തെ ഏറെ ഗൗരവത്തോടെ കാണണം. കേരളതീരത്ത് ഒരു വർഷത്തേക്കെങ്കിലും തുടർച്ചയായ മോണിറ്ററിങ് ഏർപ്പെടുത്തണം. എന്തുതന്നെയായാലും, മത്സ്യത്തൊഴിലാളികൾക്കും മത്സ്യം കഴിക്കുന്നവർക്കുമുണ്ടായിരിക്കുന്ന ആധിയും ഭീതിയും അകറ്റാൻ ഉത്തരവാദിത്വപ്പെട്ട സർക്കാരിനു ബാധ്യതയുണ്ട്.

# ഡോ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ ജലന്ധർ രൂപതയുടെ പുതിയ ബിഷപ്

## പാലാ രൂപതയ്ക്കും ചെമ്മലമറ്റം ഇടവകയ്ക്കും അഭിമാനനിമിഷം

പാലാ: പഞ്ചാബിലെ ജലന്ധർ രൂപതയുടെ പുതിയ മെത്രാനായി ഡോ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേലിനെ മാർപാപ്പ നിയമിച്ചു. നിലവിൽ ജലന്ധർ രൂപതയിലെ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചുവരികയായിരുന്നു.

1991 മുതൽ ജലന്ധർ രൂപതയിൽ വൈദികനായി സേവനമനുഷ്ഠിക്കുന്ന റവ. ഡോ. ജോസ്, ബിഷപ് ഡോ. ഫ്രാങ്കോ മുളയ്ക്കലിന്റെ പിൻഗാമിയായിട്ടാണ് സ്ഥാനമേൽക്കുന്നത്. രൂപതയിലെ വിവിധ ചുമതലകൾ അദ്ദേഹം വിവിധകാലങ്ങളിൽ വഹിച്ചിട്ടുണ്ട്. 1962 ഡിസംബർ 24 ന് പാലാ രൂപതയിലെ കാളകെട്ടിയിൽ ജനിച്ച അദ്ദേഹത്തിന്റെ വൈദികപഠനാരംഭം തൃശൂരിലായിരുന്നു. പിന്നീട് നാഗ്പൂരിലെ സെന്റ് ചാൾസ് ഇന്റർ ഡയോസിഷൻ മേജർ സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉന്നതവിദ്യാഭ്യാസം നേടി.

റോമിലെ പൊന്തിഫിക്കൽ ഉർബൻ സർവകലാശാലയിൽനിന്ന് കാനോൻനിയമത്തിൽ ഉന്നതവിജയം നേടി. 2022 മുതൽ ജലന്ധർരൂപതയുടെ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർസ്ഥാനത്തിനു പുറമേ ഫഗ്‌വാര സെന്റ് ജോസഫ് പള്ളിവികാരിയായും പ്രവർത്തിച്ചുവരികയായിരുന്നു. കാളകെട്ടി തെക്കുംചേരിക്കുന്നേൽ പരേതനായ ദേവസ്യ-ഏലിക്കുട്ടി ദമ്പതികളുടെ മകനാണ് നിയുക്തമെത്രാൻ. സഹോദരങ്ങൾ: ടി.ഡി. ജോർജ്, സിസ്റ്റർ ഡോ. ബ്രിജിത്ത് എസ്.എ.ബി.എസ്., ടി.ഡി. തോമസ്, ഫാ. ജോയി സെബാസ്റ്റ്യൻ എസ്.ഡി.ബി. (സൗത്ത് ആഫ്രിക്ക) സിസ്റ്റർ എൽസിറ്റ് എസ്.എ.ബി.എസ്. (ചമ്പക്കുളം), മിനി ജോസ് പുല്ലാട്ട്, സിസ്റ്റർ റോസ്മാർട്ടിൻ എസ്.എ.ബി.എസ്. (പ്രൊവിൻഷ്യൽ സുപ്പീരിയർ തക്കല), ഡോ. മനോജ് സെബാസ്റ്റ്യൻ (പാലക്കാട്), സുനോജ് സെബാസ്റ്റ്യൻ (ആലപ്പുഴ)

നിയുക്തബിഷപ്പിന്റെ മൂത്തസഹോദരൻ ടി.ഡി. ജോർജിന്റെ രണ്ടു മക്കൾ വൈദികരാണ്. ഫാ. ഡെന്നീസ് തെക്കുംചേരിക്കുന്നേൽ പാലാ രൂപതയിലെ സേവ്യർപുരം പള്ളി വികാരിയും ഫാ. ജോൺ പോൾ തെക്കുംചേരിക്കുന്നേൽ എം.സി.ബി.എസ്. കൗൺസിലറുമാണ്.



ദൈവവിളിസമ്പന്നമായ പാലാ രൂപതയ്ക്കു വീണ്ടും അനുഗ്രഹനിമിഷങ്ങൾ സമ്മാനിച്ചുകൊണ്ടാണ് ഡോ. ജോസ് തെക്കുംചേരിക്കുന്നേൽ ജലന്ധർ ബിഷപ്പായി സ്ഥാനമേല്ക്കുന്നത്. നൂറോളം രാജ്യങ്ങളിൽ പാലാ രൂപതയിൽനിന്നുള്ള മിഷനറിമാർ സേവനം ചെയ്യുന്നുണ്ട്. 40 ഓളം രൂപതകളുടെ മെത്രാന്മാരായി പാലാ രൂപതയിലെ വിവിധ ഇടവകകളിൽനിന്നുള്ളവർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ അംഗീകാരത്തിന്റെ തുടർക്കണ്ണിയാണ് ജലന്ധർ രൂപതയിലേക്കു നിയമിതനാകുന്ന റവ. ഡോ. ജോസ് തെക്കുംചേരിക്കുന്നേൽ.

ചെമ്മലമറ്റം പന്ത്രണ്ട് ശ്ലീഹന്മാരുടെ ഇടവകയ്ക്കും ഇതു ധന്യനിമിഷമാണ്. ഇടവകാംഗമായ തെക്കുംചേരിക്കുന്നേൽ ജോസ് സെബാസ്റ്റ്യനച്ചനെ ജലന്ധർ രൂപതയുടെ പുതിയ ബിഷപ്പായി പ്രഖ്യാപിച്ചത് ഇടവകസമൂഹം ആഹ്ലാദാരവത്തോടെയാണ് എതിരേറ്റത്. രണ്ടു മെത്രാന്മാരും 52 വൈദികരും 180 സന്ന്യസ്തരും ഇടവകയിലുണ്ട്. നിയുക്തബിഷപ്പിന്റെ അമ്മ താമസിക്കുന്ന തിടനാട്ടിലുള്ള മൂത്ത സഹോദരൻ ടി.ഡി. ജോർജിന്റെ വീട്ടിലും ആഹ്ലാദം തിരതല്ലി. അമ്മയും സഹോദരങ്ങളും കുടുംബാംഗങ്ങളും സന്തോഷത്തിൽ പങ്കുചേർന്നു.

പഞ്ചാബിലെ 14 ജില്ലകളിലും അരുണാൽപ്രദേശിലെ 4 ജില്ലകളിലുമായി വ്യാപിച്ചുകിടക്കുന്ന ജലന്ധർരൂപത, 1971 ലാണ് രൂപീകൃതമായത്. നിലവിൽ 110 ഇടവകകളിലായി ഒന്നേകാൽ ലക്ഷത്തോളം കത്തോലിക്കാവിശ്വാസികളുണ്ട്. 90 വൈദികരും 700 കന്യാസ്ത്രീകളും പ്രേഷിതരംഗത്ത് ശുശ്രൂഷ ചെയ്യുന്നു.

ദൈവത്തിൽ ആശ്രയിച്ചു സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തി രൂപതയുടെ പ്രവർത്തനം കാലോചിതമായി മുന്നോട്ടുകൊണ്ടുപോകാനും കരിസ്മാറ്റിക് പ്രാർഥനാനുഭവം രൂപതയിലുടനീളം ശക്തിപ്പെടുത്താനും ഉതകുന്ന വലിയ പ്രേഷിതപ്രവർത്തനരംഗമാണ് ജലന്ധർ രൂപതയിൽ മുന്നിലുള്ളതെന്ന് നിയുക്തമെത്രാൻ ഡോ. തെക്കുംചേരിക്കുന്നേൽ പറഞ്ഞു.

ജൂലൈ മധ്യത്തിലോ അവസാനവാരമോ ജലന്ധർ സെന്റ് മേരീസ് കത്തീഡ്രലിൽ സ്ഥാനാരോഹണം നടത്താനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ഇതിനായി രൂപതാതലത്തിൽ വിപുലമായ ക്രമീകരണങ്ങൾക്കു രൂപം നൽകിയിട്ടുണ്ട്.



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

7

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**മു**റി തുറന്നതും അവിടെയാകെ പ്രകാശമയം! മാലാഖമാർ തമ്മിൽത്തമ്മിൽ എന്തോ സംസാരിക്കുന്നു.

"മാലാഖമാരേ, ഇതു നോക്കിയേ, എന്റെ കൈയിൽ ആരാണെന്ന്?"

ഏരിയൽ മാലാഖ കൈനീട്ടി പിപ്പിനെ കൈയിലെടുത്തു. എന്നിട്ടു ചോദിച്ചു: "ഇവനെ നീ എന്താണു വിളിക്കുന്നത്?"

"പിപ്പിൻ."

"നല്ല പേരാണല്ലോ..."

ബാക്കി നാലു മാലാഖമാരും നായ്ക്കുട്ടിയെ തൊട്ടുതലോടി. നമ്മുടെ പിപ്പിനാകട്ടെ, പാതി തുറന്ന കണ്ണുകൾകൊണ്ട്, ആ തലോടൽ ആസ്വദിച്ചു.

മിഖായേൽമാലാഖ പറഞ്ഞു: "അവസാനം നീ അപ്പനെയും അമ്മയെയുംകൊണ്ട് സമ്മതിപ്പിച്ചു ഇല്ലേ?"

"നന്നായി ഇവനെ നോക്കണം." അതു പറഞ്ഞത് റാഫേൽ മാലാഖയാണ്.

ജോഫിയേൽമാലാഖയും ഗബ്രിയേൽമാലാഖയും പിങ്ക്ളാങ്കിയുടെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു. ഗബ്രിയേൽമാലാഖയോട് പിങ്ക്ളാങ്കിക്കു കുറച്ച് ഇഷ്ടം കൂടുതലുണ്ട്. അത് എന്തുകൊണ്ടാണെന്നറിയില്ല. ആ ചിറകിൻകീഴിൽ താൻ സുരക്ഷിതനാണെന്ന് ഒരു തോന്നൽ. എന്നാലും പനി വന്നപ്പോൾ സുഖപ്പെടുത്തിയത് റാഫേലാണ്.

''നിങ്ങൾക്കു വിശക്കില്ല എന്നു പറഞ്ഞത് സത്യമാണോ?"

"ഇല്ല മോനേ, ഞങ്ങൾക്കു വിശപ്പില്ല.'' ജോഫിയേലാണ് അതിന് ഉത്തരം നൽകിയത്.

അമ്മയുടെ വിളി താഴേന്നു കേട്ടു.

"പിങ്ക്ളാങ്കീ, നീ എവിടെയാണ്?"

ഏരിയൽമാലാഖയുടെ കൈയിൽനിന്നു പിപ്പിനെ വാങ്ങി മാലാഖമാരുടെ മുറിയുടെ വാതിൽ മെല്ലെ അടച്ച് അവൻ താഴേക്കു പോയി.

''പപ്പാ ഇന്നു നേരത്തേ വരും. നീ ആ പട്ടിയെ താഴെ വച്ചിട്ട് കൈ സോപ്പിട്ടു കഴുകൂ."

"അമ്മേ, പട്ടിയെന്നു വിളിക്കാതെ, പിപ്പിൻ എന്നു വിളിക്കൂ."

"പിപ്പിൻ എങ്കിൽ പിപ്പിൻ."

പപ്പാ വന്നത് പിപ്പിനു കൂടുപണിയാനുള്ള ഒരാളെയും കൂട്ടിയാണ്. വീടിനോടു ചേർന്ന് ഒരു സ്ഥലം പപ്പ കാണിച്ചുകൊടുത്തു. അയാൾ രാവിലെ വരാമെന്നു പറഞ്ഞു പോയി.

അമ്മയോട് അനുവാദം ചോദിച്ചിട്ട് അവൻ വിശാലിനെ വിളിച്ചു വിശേഷങ്ങൾ കൈമാറി. സ്കൂൾ തുറക്കുന്നതിനുമുമ്പേ അവൻ പിപ്പിനെ കാണാൻ വരാമെന്നു പറഞ്ഞു.

വിശാലിനും പിപ്പിൻ എന്ന പേര് ഇഷ്ടമായി.

"പിപ്പിൻ സൂ... സൂ... പോയി."

"ഞാൻ അതുകൊണ്ടാ ഈ വകയൊന്നും ഇവിടെ വേണ്ടാ എന്നു പറഞ്ഞത്, ഇതു കൊണ്ടുപോയി പുറത്തു പൈപ്പിന്റെ ചുവട്ടിലുള്ള ബക്കറ്റിൽ ഇട്ടോ.

ആശ അതിനു മറുപടി കൊടുക്കാതെ അടുക്കളയിലേക്കു പോയി.

മുറ്റത്തേക്കിറങ്ങിയതും പിപ്പിൻ അവിടെയാകെ ഓടിത്തുടങ്ങി. കൂടുണ്ടാക്കാൻ വന്ന ചേട്ടന്മാർ രണ്ടുപേരും അവൻ കളിക്കുന്നത് ആസ്വദിച്ചു.

പിങ്ക്ളാങ്കിയുടെ ലോകത്തേക്ക് ഒരു പുതിയ വെളിച്ചം വീശിയപോലെതോന്നി. അമ്മയും അവനും മാത്രമാണ് സാധാരണ സ്കൂളില്ലാത്ത ദിവസം വീട്ടിൽ. കുറച്ചു നേരം വായിക്കും. ടി വി ഒരുപാട് കാണാൻ അമ്മ സമ്മതിക്കില്ല. ഫോണും അരമണിക്കൂർ കൂടുതൽ കളിക്കാൻ കൊടുക്കില്ല.



രാത്രിയിൽ അമ്മ പിങ്ക്ളാങ്കിയുടെ മുറിയുടെ ഒരു മൂലയിൽ പിപ്പിന് കിടക്കാൻ സൗകര്യം ഒരുക്കി. പഴയ ഒരു പുതപ്പ്, പിന്നെ ഒരു പാത്രത്തിൽ കുറച്ചു വെള്ളം.

അമ്മ ലൈറ്റണച്ചിട്ടു പോയതും അവൻ പിപ്പിനെ തന്റെ കട്ടിലിൽ പുതപ്പിന്റെ ഉള്ളിൽ ചേർത്തുവച്ചു.

രാവിലെ ഉണർന്നപ്പോൾ മുഖത്ത് ഒരു ചൂടു തോന്നി. അത് പിപ്പിൻ ആയിരുന്നു. കൂടാതെ, പിങ്ക്ളാങ്കിയുടെ പുതപ്പു കുറച്ചു നനഞ്ഞിട്ടുണ്ട്.

"അയ്യോ, പിപ്പിൻ, നിനക്ക് ഒന്നിനു പോകാൻ വേറേ സ്ഥലം ഒന്നും കിട്ടിയില്ലേ? അമ്മ നമ്മളെ രണ്ടുപേരെയും വഴക്കു പറയും."

പതുക്കെ പിപ്പിനെയും കൈയിലെടുത്ത് നനഞ്ഞ പുതപ്പുമായി പിങ്ക്ളാങ്കി അമ്മയുടെ അടുത്തു ചെന്നു.

"എന്ത് ഉറക്കമാടാ നീ ഉറങ്ങിയത്? പപ്പാ കടയിൽ പോകുന്നതിനുമുമ്പേ എത്ര പ്രാവശ്യം വിളിച്ചു എന്നറിയുമോ? എന്താ പുതപ്പും കൈയിൽ പിടിച്ച്?"

"ഇതു നനഞ്ഞു."

"എങ്ങനെ?"

ഒള്ള പണിയൊന്നും പോരാഞ്ഞിട്ട് ഇനി ഇതുകൂടി."

"ഞാൻ അലക്കാം അമ്മേ," ക്ഷമാപണസ്വരത്തിൽ അവൻ പറഞ്ഞു.

''അതൊന്നും വേണ്ട, നീ ഇതിനെ താഴെ വെച്ചിട്ടു പോയി പല്ലു തേച്ചിട്ടു വാ."

പിങ്ക്ളാങ്കിയുടെ പിറകേ പിപ്പിനും വാലാട്ടി നടന്നു.

അമ്മ പുട്ടും പഴവും മേശപ്പുറത്തു വച്ചിട്ട് പിപ്പിനുള്ള പാല് അവന്റെ പാത്രത്തിൽ ഒഴിച്ചു. പിപ്പിനാകട്ടെ പാല് വേഗം കുടിച്ചിട്ട് പിങ്ക്ളാങ്കിയുടെ കാലിന്റെ ചുവട്ടിൽ ഇരുപ്പുറപ്പിച്ചു. അതിനിടയിൽ കൂടു പണിയാനുള്ള ആള് പുറത്തു വന്നു. അമ്മ പുറത്തേക്കു പോയി.

മാലാഖമാരോട് പിപ്പിൻ കാണിച്ചുവച്ച കാര്യം പറയാൻ തോന്നി. പതുക്കെ നട കയറിയപ്പോളാണ് അമ്മയുടെ വിളി വന്നത്.

"കഴിച്ചുകഴിഞ്ഞാൽ നായക്കുട്ടിയെ ഒന്നു പുറത്തേക്കു കൊണ്ടുപോ."

"അമ്മേ പ്ളീസ്, അങ്ങനെ വിളിക്കാതെ, പിപ്പിൻ എന്നു വിളിക്കൂ."

ഏകാന്തതയുടെ വിടവാണ് പിപ്പിന്റെ വരവു നികത്തിയത്. മാലാഖമാർ വന്നതോടെ എല്ലാം മാറി. അവരാണ് തനിക്ക് ഇതു സാധിച്ചുതന്നത്.

കുഞ്ഞുങ്ങൾ അപേക്ഷിച്ചാൽ അവർ കേൾക്കും. അതു നടത്തിക്കൊടുക്കും. പ്രത്യേകിച്ച്, പിങ്ക്ളാങ്കിയെപ്പോലെ ഒരു നല്ല കുട്ടി.

അമ്മ പണിക്കാർക്കു കുടിക്കാൻ കാപ്പിയുമായി പുറത്തേക്കു പോയ തക്കം നോക്കി പിങ്ക്ളാങ്കി, പിപ്പിനെയുംകൂട്ടി മാലാഖാമാരുടെ മുറിയിലേക്ക് ഓടിപ്പോയി. അവന്റെ വരവ് കാത്തിരുന്നപോലെ അവർ അഞ്ചുപേരും അവനെ നോക്കി ചിരിച്ചു.

"ഈ പിപ്പിൻ കുറച്ചു കുസൃതിയാണ്.'' കാലത്തെ നടന്ന സംഭവം പൊടിപ്പും തൊങ്ങലും വച്ച് അവൻ അവരെ പറഞ്ഞു കേൾപ്പിച്ചു.

അവരോടു ഓരോന്നു പറഞ്ഞുചിരിച്ചു സന്തോഷിച്ചുകൊണ്ടിരുന്നപ്പോൾ അമ്മയുടെ വിളി താഴേന്ന് ഉയർന്നു.

''പിങ്ക്ളാങ്കീ, മോനേ, നീ എവിടെയാ?"

ഒറ്റയോട്ടത്തിന് അവൻ താഴെയെത്തി.

"എന്താ അമ്മേ?"

''ദേ സ്കൂളിൽനിന്നുള്ള ഫോണാണ്. പുതിയ ബുക്കും യൂണിഫോമും വാങ്ങാൻ ഈ ആഴ്ചതന്നെ ചെല്ലണമെന്ന്."

"അയ്യോ, ഞാൻ സ്കൂളിൽ പോകുമ്പോൾ പിപ്പിനെ ആരു നോക്കും?"

"കുറച്ചു സമയത്തേക്ക് സിസിലിയാന്റിയെ വിളിക്കാം. നീ ആകെ വിയർത്തു. കുറച്ചുസമയം അതിനെ താഴെവച്ചിട്ട് അടങ്ങിയിരിക്ക്."

അമ്മ പറഞ്ഞത് മനസ്സിലായപോലെ പിപ്പിൻ പിങ്ക്ളാങ്കിയെ നോക്കി.

നിലത്തുവച്ചതും അവൻ പിന്നെയും സൂ... സൂ... പോയി.

അമ്മ വരുന്നതിനു മുമ്പേ അവൻ ഒരു തുണിയെടുത്ത് അതു തുടച്ചു.

വിശാലിന്റെ ചിറ്റപ്പനോട് ഇവൻ ഇങ്ങനെ ചെയ്യാതിരിക്കാൻ എന്തു ചെയ്യണമെന്നു ചോദിക്കണം.

ടോയ്‌ലറ്റ് ട്രെയിനിങ് ഉണ്ടെന്നറിയാം. പക്ഷേ, എങ്ങനെയെന്നറിയില്ല.

അമ്മയുടെ കൈയിൽനിന്നു ഫോൺ വാങ്ങി ചിറ്റപ്പനെ വിളിച്ചു. അദ്ദേഹം വിശദമായി എങ്ങനെ അവനെ പരിശീലിപ്പിക്കണമെന്നു പറഞ്ഞുകൊടുത്തു. ലിറ്റർ ബോക്സ് വാങ്ങണം. അദ്ദേഹംതന്നെ കടയിൽ വിളിച്ച് അഡ്രസ് കൊടുക്കാമെന്നേറ്റു.

രാത്രിയിൽ പപ്പ വന്നപ്പോൾ അന്നു നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞുകേൾപ്പിച്ചു.

പിപ്പിന്റെ കൂടുപണി, ഒരു ദിവസംകൊണ്ടു തീരുമെന്ന് അമ്മയോട് പപ്പ പറഞ്ഞു.

"ഫുൾ ടൈം ഞാൻ പിപ്പിനെ കൂട്ടിൽ ഇടില്ല കേട്ടോ,'' പിങ്ക്ളാങ്കി പറഞ്ഞതിന് ആരും ഉത്തരം പറഞ്ഞില്ല.

പപ്പയും പിപ്പിനെ കുറെ സമയം കളിപ്പിച്ചു.

ടെൻഷൻ മാറ്റാൻ, പെറ്റ്സ് നല്ലതാണെന്ന് എവിടെയോ വായിച്ചെന്നു പപ്പ പറഞ്ഞപ്പോൾ അമ്മ പറഞ്ഞു:

"ഇവൻ സ്കൂളിൽ പോകുമ്പോൾ ഞാൻ വേണം ഇതിനെ നോക്കാൻ, അതാ ഇപ്പോൾ എന്റെ ടെൻഷൻ."

''അമ്മേ പ്ളീസ്, പിപ്പിൻ എന്നു വിളിക്കൂ."

അമ്മ ചിരിച്ചിട്ട് പറഞ്ഞു: "പിങ്ക്ളാങ്കിയെയും പിപ്പിനെയും വിളിക്കുമ്പോൾ തെറ്റിപ്പോകുമോ എന്നാണ് എനിക്കു വേറൊരു ടെൻഷൻ."

"നിന്റെ അമ്മയുടെ ഒരു കാര്യം." പപ്പാ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഷാജിച്ചയാൻ ഫോൺ വിളിച്ചതുകൊണ്ട് ആ സംസാരം അവിടെ നിന്നു.

പപ്പയും അമ്മയും കാണാതെ അവൻ ഒരിക്കൽക്കൂടി മാലാഖമാരുടെ അടുത്തുപോയി. ലൈറ്റ് ഇട്ടിട്ടില്ലെങ്കിലും ആ മുറി പ്രകാശമാനമായിരുന്നു.

ഉറങ്ങാൻ തനിയെ കിടന്നാൽ മതിയെന്നു വിചാരിച്ചെങ്കിലും പിപ്പിനെ തനിയെ കിടത്താൻ മനസ്സുവന്നില്ല.

(തുടരും)

നോവൽ 18

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

അമ്മ നല്കിയ ചൂടുകാപ്പി മൊത്തിക്കുടിച്ചുകൊണ്ട് വല്യമ്മച്ചി പരാതി പറഞ്ഞു: "വന്നുവന്ന് അപ്പാപ്പന് ഒരു പ്രാർഥന ചൊല്ലിക്കൊടുക്കാനോ പത്രം വായിച്ചു കൊടുക്കാനോപോലും ലിസിപ്പെണ്ണിന് നേരമില്ലാണ്ടായി. അവളു വരുമ്പം അങ്ങോട്ടൊന്നു പറഞ്ഞുവിട്, ഓർത്തോ... കൂടം കൊണ്ടൊന്നാണേൽ മുട്ടിക കൊണ്ടു രണ്ടാ, അതാരും മറക്കണ്ടാ, എല്ലാർക്കും വയസ്സാകും, അന്നേരം ചിന്തിച്ചിട്ടു കാര്യമില്ല, പന്നിക്കു വെടികൊണ്ടപോലെ മോളിലോട്ട് നോക്കും, അത്രതന്നെ."

അമ്മ നല്കിയ കാപ്പിയും വടയും ആസ്വദിച്ചുകഴിച്ചിട്ട് പോകാൻ നേരത്തൊരു പിരാക്കും!

എത്ര പിരാക്ക് കേട്ടിട്ടുള്ളതാണ്.

വല്യമ്മച്ചി പോയിക്കഴിഞ്ഞ് അമ്മ സ്വയം പുലമ്പി:

"എന്റെ കൈകൊണ്ട് കാപ്പീം പലഹാരോം കഴിച്ചിട്ട്, പിള്ളേരെ പിരാകി നേർന്ന് പോണ കണ്ടില്ലേ, ദൈവമേ!"

പഠിക്കാതെ ചൊറീംകുത്തി വീട്ടിൽനിന്ന കാലത്ത് തറവാട്ടിൽപ്പോയി ഒത്തിരി തുപ്പൽകോളാമ്പി ആ പാവം മിഴക്കീട്ടുണ്ട്, ആരും മനസ്സറിഞ്ഞതിനെ സഹായിച്ചിട്ടുമില്ല. ഇപ്പോൾ പിരാകാൻ മാത്രം ഇറങ്ങിവന്നിരിക്കുന്നു. സമയക്കുറവുമൂലം രണ്ടുകാശ് കൃത്യമായി കൊടുക്കുന്നവരുടെ വീട്ടിൽപ്പോലും പോയി അത് പഠിപ്പിക്കുന്നില്ല. ഇവിടെ വരുന്ന പിള്ളേരെയും അവൾ നല്ലവാക്കു പറഞ്ഞ് ഒഴിവാക്കുകയാണ്. അപ്പഴാ ഇല്ലാത്ത നേരം ഒണ്ടാക്കി പോയി തുപ്പലുംതൂറലും കോരേണ്ടത്, എന്നിട്ടും പിരാക്കു മാത്രം മിച്ചംകിട്ടും.

ലിസി അന്നു പതിവിലും നേരത്തേ വന്നു.

"യ്യോ, എന്നാ മോളെ നേരത്തേ."

"തൊണ്ടവേദനയാമ്മേ, കുറച്ച് ഉപ്പുവെള്ളം കവിൾക്കൊള്ളണം. മാറിക്കോളും, കുറച്ചു നേരം വിശ്രമിച്ചാൽ മതി."

മോനു പറഞ്ഞു: "ലിസിച്ചേച്ചി കരോട്ടു ചെല്ലാമ്പറഞ്ഞിട്ട് വല്യമ്മച്ചി പോയി."

"ങാ... ഇരുട്ടുന്നേനുമുമ്പു പോയി പ്രാർഥന ചൊല്ലിക്കൊടുത്തിട്ട് ഞാനോടിപ്പോരാം, പത്രം വായിക്കാമ്മേല. തൊണ്ടയ്ക്കു വല്ലാത്ത കാറലും നീറ്റലുമാ അമ്മ ചൂടാക്കിക്കൊടുത്ത ഉപ്പുവെള്ളം മാറ്റിവച്ചിട്ട് ലിസി തറവാട്ടിലേക്കു പോയി.

വല്യപ്പച്ചൻ ഇപ്പോൾ എന്തു പറഞ്ഞാലും ആർക്കും മനസ്സിലാക്കാൻ പാടാണ്. എങ്കിലും അവൾക്കു മനസ്സിലാകും. വല്യപ്പച്ചൻ അവളെ അടുത്തു വിളിച്ചിരുത്തി. മെലിഞ്ഞുമെലിഞ്ഞ് ചുള്ളിക്കമ്പുപോലെയായ ആ വലതുകരം അവളുടെ നെറുകയിൽവച്ച് അവളെ നിറകണ്ണുകളോടെ, നിറഞ്ഞ മനസ്സോടെ അനുഗ്രഹിച്ചു. 'യൗസേഫിനെ യാക്കോബ് അനുഗ്രഹിച്ചതുപോലെയാ നിന്നെ ഞാനനുഗ്രഹിക്കുന്നത്' എന്ന് വല്യപ്പച്ചൻ പറഞ്ഞു; എന്നിട്ട് സ്വരം താഴ്ത്തിപ്പറഞ്ഞു; "നിന്റെ അപ്പനെയും അമ്മയെയും വിളിച്ചോണ്ടു വാ." വല്യപ്പച്ചൻ മുമ്പു പറഞ്ഞേല്പിച്ചതനുസരിച്ച് അവൾ മരണസമയത്തെ പ്രാർഥന ചൊല്ലി. വിശ്വാസപ്രമാണോം ചൊല്ലി.

ശ്വാസംകിട്ടാതെ വിമ്മിട്ടപ്പെടുന്ന വല്യപ്പച്ചനെ കാണാൻ മക്കളുൾപ്പെടെ പലരും കയറിയിറങ്ങുകയാണിപ്പോൾ.

വല്യപ്പച്ചൻ അപ്പനെയും അമ്മയെയും അവർക്കൊപ്പംവന്ന മോനുവിനെയും അനുഗ്രഹിച്ചു,

മരിച്ചുകഴിഞ്ഞാൽ എങ്ങനെ ഒരുക്കിക്കിടത്തണമെന്നൊക്കെ അപ്പച്ചൻ പണ്ടേ ലിസിയോടു പറഞ്ഞിട്ടുള്ളതാണ്. അതുപോലെ വേണം. അവളെ ചില ആത്മീയ കാര്യങ്ങൾ വല്യപ്പച്ചൻ നേരത്തേ പറഞ്ഞേല്പിച്ചിട്ടുള്ളത് അവൾ ഓർത്തെടുത്തു.

വല്യപ്പച്ചന്റെ അനുഗ്രഹം വാങ്ങാൻ മറിയക്കുട്ടിക്കൊച്ചമ്മയും ഓടിയെത്തി.

ആൺമക്കളെല്ലാം പരസ്പര വൈരം മറന്ന് തറവാട്ടിൽ ഒത്തുകൂടി.

അമ്മ പറഞ്ഞു: "സമയമടുത്തുകാണും, കഴിഞ്ഞ ദിവസം അപ്പനുമമ്മയും വന്ന്, അവരുടെയൊപ്പം ചെല്ലാൻ ആവശ്യപ്പെട്ടെന്ന് ലിസിക്കുട്ടിയോടു കുറെ മുമ്പേകൂടെ അപ്പാപ്പൻ പറഞ്ഞതല്ലേ?"

കൊച്ചുപ്പാപ്പൻ പറഞ്ഞു: "കാൽവിരലുകൾ എല്ലാം ഉണങ്ങിയുണങ്ങിപ്പോയി. മേനാശ്ശേരീടെ ചികിത്സ ഇപ്പം ഏല്ക്കുന്നില്ല. കാൽവെള്ളയിൽ പഴുപ്പുണ്ട്. നാക്കിൽ മുഴുവൻ അക്കരമാണ്. തൊണ്ടയിൽ നിറഞ്ഞിരിക്കുന്ന കഫം ബേവിച്ചനോ ഞാനോ വിരലിൽ തുണിചുറ്റി എടുക്കുകയല്ലേ, വെള്ളമിറക്കാനും ബുദ്ധിമുട്ടായി. വെള്ളം കടവായിലൂടെ ഒഴുകിപ്പോകുന്നു, ങാ ഇനി എളുപ്പമങ്ങുപോട്ടെ, കിടന്നു കഷ്ടപ്പെടാതെ, എത്ര തൈലാഭിഷേകം നടത്തിയതാ."

പള്ളിയിലെ വികാരിയച്ചന് കാറയച്ച് വിളിപ്പിച്ചു. അച്ചൻ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ വല്യപ്പച്ചൻ നല്ല മയക്കത്തിലായി. വായു വലിക്കുന്ന ആ ഘോര ശബ്ദം നേർത്തുനേർത്തു വന്ന് ക്രമേണ ഇല്ലാണ്ടായി. അച്ചന്റെ നിർദേശാനുസരണം എല്ലാരും വിശ്വാസപ്രമാണം ഉച്ചത്തിൽ ചൊല്ലി. ലിസി വല്യപ്പച്ചൻ പറഞ്ഞേല്പിച്ച മരണസമയത്തെ പ്രാർഥന ചൊല്ലിത്തീർന്നപ്പോൾ തളത്തിൽനിന്ന് ഉച്ചത്തിലുള്ള നിലവിളി കേൾക്കാം. "അപ്പാപ്പാ എന്നെയിട്ടേച്ചു പോകല്ലേ" വല്യമ്മച്ചി നെഞ്ചത്തടിച്ച് നിലവിളിക്കുകയാണ്. വല്യമ്മച്ചിയെ മേഴ്സി വന്നുറുപ്പടങ്ങം പിടിച്ചു. ലിസിയും ഒപ്പംകൂടി.

വല്യമ്മച്ചി ജ്ഞാനസ്ഥയാണ്. വല്യപ്പച്ചനെ പ്രാണനെക്കാൾ സ്നേഹിച്ചവളുമാണ്. ക്രമേണ വല്യമ്മച്ചി കരച്ചിൽ സ്വയം നിയന്ത്രിച്ചു.

ചാവറിയിക്കാൻ ദൂരെയുള്ള ബന്ധുക്കളുടെ അടുത്തേക്ക് പണിക്കാരന്മാരെയും അവരുടെ കിടാത്തന്മാരെയും അയയ്ക്കാൻ പറഞ്ഞു.

ലിസിക്കു തോന്നി, ഒരു യുഗം അവസാനിച്ചിരിക്കുന്നെന്ന്. കൃതാർത്ഥതയുണ്ട്.

ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചിട്ടാണെങ്കിലും യാതൊരു പ്രതിഫലവും പറ്റാതെ വല്യപ്പച്ചന് വേണ്ടതൊക്കെ ചെയ്തുകൊടുത്തു. അവസാനം വല്യപ്പച്ചന്റെ അനുഗ്രഹവും ലഭിച്ചു. ധനമാഹാത്മ്യത്തെക്കാൾ നല്ലതാണ്, പിതാക്കന്മാരുടെ അനുഗ്രഹം. അവളുടെ ഹൃദയം ചാരിതാർത്ഥ്യംകൊണ്ടു നിറഞ്ഞുകവിയുകയാണ്.

വല്യപ്പച്ചൻ പറഞ്ഞേല്പിച്ച കാര്യങ്ങൾ ലിസി പറഞ്ഞു: സഭയിലെ വിശ്വാസികളായ അല്മായരെ ധരിപ്പിക്കുന്ന വെട്ടുതൊപ്പി വേണം. കൈകളിലും കാലുകളിലും വെള്ളസോക്സുവേണം. ചേർത്തുപിടിപ്പിച്ച കൈകളിൽ കുരിശുവേണം. പൂക്കളാൽ അലംകൃതമായ ഈട്ടിപ്പെട്ടിയിൽ പ്രൗഢമായി വല്യപ്പച്ചനെ അണിയിച്ചൊരുക്കിക്കിടത്തി.

വേദവായനയ്ക്ക് ഈപ്പച്ചൻ നേതൃത്വം നല്കി. പാട്ടുകൾക്കു മേഴ്സിയും.

അതിഗംഭീരമായ ചെലവുകളും മലേഷ്യനപ്പച്ചൻ നടത്തി. നാലപതാമടിയന്തിരം കരയടച്ച് ക്ഷണിച്ച്, അതിഗംഭീരമാക്കി. ഒപ്പം പത്തമ്പലത്തെ അഗതിമന്ദിരത്തിലും ബാലഭവനിലും ഗംഭീരമായ സദ്യയും നല്കി.

വല്യപ്പച്ചന്റെ മരണവും നാല്പതടിയന്തിരവും കഴിഞ്ഞ് ഏതാനും ദിവസം പിന്നിട്ടപ്പോൾ, കൊച്ചുപ്പാപ്പൻ ജാതിമരത്തിൽനിന്നു വീണു, ബോധംകെട്ടുപോയി. താഴെക്കിടന്ന ഒരു കരിങ്കല്ലിൽ തലയിടിച്ചാണ് വീണത്.

"ഒരാവശ്യവുമില്ലാത്ത മരംകേറ്റമായിപ്പോയി. കൈയൊന്നു ഞൊടിച്ചാൽ എന്തുമാത്രം പണിക്കാർ ഓടിവരുന്ന വീടാണ്. എങ്കിലും സമയദോഷം. വരാനുള്ളത് വഴിയിൽ തങ്ങില്ലല്ലോ." തങ്കപ്പച്ചാർ നിലവിളിച്ചു.

തലയ്ക്കും നട്ടെല്ലിനും ഗുരുതരമായ ക്ഷതം.

"എല്ലാരെടേം ദെണ്ണം തീർന്നല്ലോ" വല്യമ്മച്ചി നിലവിളിച്ചു.



ആ വാചകം പറഞ്ഞ് മക്കളെ മുഴുവൻ നാട്ടുകാർ മുമ്പാകെ, വിഷമിപ്പിച്ചതിന് കാരാപ്പുഴയമ്മച്ചി വന്നപ്പോൾ ഒത്തിരി വഴക്കു പറഞ്ഞു.

ഏറെക്കാലത്തെ ആശുപത്രിവാസത്തിനുശേഷം ആംബുലൻസിൽ സ്ട്രെക്ച്ചറിൽ കിടത്തി കൊച്ചുപ്പാപ്പനെ വീട്ടിലേക്കു കൊണ്ടുവന്നു. പ്രശസ്തമായ ആശുപത്രികളിൽ ഏറെ പണം മുടക്കി ചികിത്സകൾ മാറിമാറി നടത്തിയെങ്കിലും കൊച്ചുപ്പാപ്പന്റെ ശരീരം തളർന്നുപോയി. മലകിടപ്പാണ്. തെളിച്ചൊന്നു മിണ്ടാനോ, എഴുന്നേറ്റിരിക്കാനോ, ഭക്ഷണം കഴിക്കാനോ, തിരിയാനും മറിയാനും ആവതില്ലാതെയുള്ള ആ കിടപ്പു കണ്ടവരൊക്കെ പൊട്ടിക്കരഞ്ഞുകൊണ്ടാണ് ആ പടിയിറങ്ങിയത്. തിരിച്ചും മറിച്ചും കിടത്താൻ ബേബിച്ചനും അവറാഞ്ചേട്ടനും സഹായിച്ചു. തലച്ചോറിനാണ് ഗുരുതരമായി ക്ഷതമേറ്റിരിക്കുന്നത്. തലച്ചോറിലെ നാലു ലോബുകളിൽ മൂന്നും പ്രവർത്തനക്ഷമമല്ലാതെ നശിച്ചുപോയി.

മലമൂത്രവിസർജ്യങ്ങൾ വല്യമ്മച്ചിയെടുത്തു, കൊച്ചമ്മയെ ബുദ്ധിമുട്ടിക്കാതിരിക്കാൻ വല്യമ്മച്ചി കൂടുതൽ കഷ്ടപ്പെട്ടു.

ചികിത്സയ്ക്കും പ്രാർഥനയ്ക്കും യാതൊരു ഫലവും കിട്ടിയില്ല.

ലിസിയെയും മേഴ്സിയെയും കാണുമ്പോൾ കിടക്കയിൽ കെട്ടിവച്ചിരിക്കുന്ന കൈകൾ അഴിച്ചുതരാൻ പറയും. കൈകൾ കെട്ടിയിട്ടില്ല, മുകളിലേക്ക് ഉയർത്താൻ പറ്റാത്തതാണ്. വായ് തുറന്നുകാട്ടി അവ്യക്തമായ ശബ്ദത്തിൽ ആഹാരം ചോദിക്കും. വല്യമ്മച്ചിയും കൊച്ചമ്മയും ഇച്ചാച്ചനും അമ്മയുമെല്ലാം കൊച്ചുപ്പാപ്പനെ നന്നായി സംരക്ഷിക്കാൻ കഠിനപ്രയത്നം നടത്തുന്നുണ്ട്. എങ്കിലും കൊച്ചുപ്പാപ്പൻ ഉച്ചത്തിൽ നിലവിളിക്കുകയും അലറുകയും ചെയ്തു. കിടപ്പിന്റെ ആദ്യാവസ്ഥയിലെല്ലാം നീരുപിടിച്ചുവീർത്തിരുന്ന ശരീരം ക്രമേണ നേർത്തു നേർത്തുപോയി.

പള്ളിയിലെ വികാരിയച്ചനോട് കൊച്ചമ്മ പറഞ്ഞു: "ഇങ്ങേരെ രക്ഷിക്കാൻ ഇനിയൊരു മാർഗവുമില്ലേ, എന്നാൽ ദൈവഹിതം നടപ്പാക്കാൻ പ്രാർഥിക്കാം അല്ലേ, അച്ചാ."

ദൈവഹിതം എന്ന വാക്ക് കൊച്ചമ്മ 'മരണം' എന്ന് നേരിട്ടു പറയാതെ പറഞ്ഞതാണ്.

അച്ചൻ പറഞ്ഞു: "കിടക്കുന്ന രോഗിയുംകൂടെ മനസ്സുവച്ചാലേ, ദേഹത്തിൽനിന്ന് ഊരിന് വേർപെടാൻ പറ്റൂ."

വല്യമ്മച്ചി പറഞ്ഞു: "എന്റെ ചെറുക്കൻ ആ കെടപ്പിൽക്കെടന്ന് എല്ലാം കേക്കുന്നുണ്ട്, അവൻ മിണ്ടിയാൽ നമ്മക്കൊട്ടു തിരിയത്തുമില്ല, എഴുന്നേറ്റിരിക്കാനവനൊട്ട് ആക്കവുമില്ല, തീട്ടവും മൂത്രവുമെടുത്ത് എത്രനാൾ, ഞാൻ പോണതിനുമുമ്പേ അവൻ പോട്ടെ, എല്ലാരേക്കാളും നേരത്തേ പോട്ടെ, അവിടെച്ചെല്ലുമ്പം കാണാല്ലോ."

നീണ്ടനാലുവർഷമാ വില്ലുപുരത്തെ പാപ്പൻ നട്ടെല്ലു തകർന്ന് ഒറ്റക്കിടപ്പങ്ങു കെടന്നത്. ആ കുടുംബം കുളം തോണ്ടിയിട്ടാ അയാളുപോയേ, അതുപോലെയൊന്നും ആകല്ലേ ദൈവമേ, കൊച്ചമ്മയുടെ ആങ്ങള തരിച്ചായൻ പറഞ്ഞു,

"എന്റെ തരിച്ചായാ ഇങ്ങനൊന്നും പറേല്ലേ, ഇവിടെ മനസ്സു തകർന്ന് ഒരമ്മയും ഒപ്പം തരിച്ചായന്റെ കൊച്ചുപെങ്ങളുമില്ലേ."

"ങാ ഞാനൊരു ആദിവാസി മൂപ്പരെ കൊണ്ടരാം, അയാക്കടെ മരുന്നു കുറേ ചെല്ലുമ്പം ഒരു തീരുമാനമാകും.

ആദിവാസിമൂപ്പൻ എന്നു പറഞ്ഞ് തരിയൻ കൊണ്ടുവന്നത് ഹമീദ് എന്നു പേരുള്ള, കമ്പംമേട്ടുകാരനായ ഒരു താടിക്കാരനെയായിരുന്നു.

*ശേഷം 14-ാം പേജിൽ*

# കാലിവളർത്തൽ ലാഭകരമാക്കാൻ അസോള

■ ജോസഫ് കുമ്പുക്കൻ

ശുദ്ധജലത്തിൽ വളരുന്ന, പന്നൽ വർഗത്തിൽപ്പെട്ട കാഴ്ചയിൽ പായലെന്നു തോന്നിക്കുന്ന ഒരു ചെറുസസ്യമാണ് അസോള. ഇത് ആഫ്രിക്കൻപായലിന്റെ വർഗത്തിൽപ്പെട്ട സാൽവിനിയേസ് കുടുംബാംഗമാണെങ്കിലും മനുഷ്യനും മൃഗങ്ങൾക്കും വളരെ ഉപകാരപ്രദമായ ഒരു സസ്യമാണ്. അസോളയ്ക്കുള്ളിൽ സഹജീവിയായി വളരുന്ന നീല ഹരിതപായൽ, അന്തരീക്ഷത്തിൽനിന്നു നൈട്രജനെ ശേഖരിച്ച് മാംസഘടകങ്ങളാക്കി മാറ്റുന്നു. ഈ സഹജീവിയാണ് അസോളയെ ഒരു അദ്ഭുതസസ്യമാക്കി മാറ്റുന്നത്. നെൽവയലുകളിൽ ഒരു ബയോഫെർട്ടിലൈസറായി പരക്കെ അംഗീകരിച്ചിട്ടുള്ള അസോളയെക്കുറിച്ച് കന്യാകുമാരി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നാർഡെപ് ടെക്നോളജി റിസോഴ്സ് സെന്ററിൽ നടത്തിയ പഠനത്തിൽനിന്നും ഒരു ജീവാണുവളം എന്നതിലുപരി സമ്പുഷ്ടമായ ഒരു കാലിത്തീറ്റയായും അസോള ഉപയോഗിക്കാമെന്ന് കണ്ടെത്തുകയുണ്ടായി.

വളരെ കൂടിയ അളവിൽ ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, പൊട്ടാഷ് തുടങ്ങിയ ധാതുലവണങ്ങളും വിവിധ വൈറ്റമിനുകളും അമ്ലങ്ങളും തുടങ്ങി കന്നുകാലികളുടെ വളർച്ചയ്ക്കും പാലുത്പാദനത്തിനുംവേണ്ട മിക്കവാറും എല്ലാ ഘടകങ്ങളും അസോളയിലുണ്ട്. അസോള കാലിത്തീറ്റയിൽ ഉൾപ്പെടുത്തിയതുവഴി കന്നുകാലികളിലെ പാലുത്പാദനം 15–20% വരെ ഉയർന്നതായി കണ്ടെത്തുകയുണ്ടായി. കൂടാതെ, ഇതിലുള്ള ആന്റി ഓക്സിഡന്റുകളും ബീറ്റാ കരോട്ടിനും പാലുത്പാദനം കൂട്ടുന്നതിനോടൊപ്പം കാലികളുടെ ആരോഗ്യം



മെച്ചപ്പെടുത്തുന്നതിനും കൂടുതൽനാൾ ആരോഗ്യകരമായ പാലുത്പാദനം നിലനിർത്തുന്നതിനും സഹായിക്കുന്നു. തുടക്കത്തിൽ 1–2 കി.ഗ്രാം അസോള തീറ്റയോടു കൂട്ടിക്കലർത്തിക്കൊടുക്കാവുന്നതാണ്. ക്രമേണ, അസോളയുടെ അളവുകൂട്ടി കാലിത്തീറ്റ കുറയ്ക്കാവുന്നതാണ്. അസോളയിൽ ലിഗ്നിന്റെയും ലിഗ്നില്ലലോസിന്റെയും നാരിന്റെയും അളവു വളരെ കുറവായതിനാൽ പെട്ടെന്നു ദഹിക്കുകയും പോഷകമൂല്യങ്ങൾ പൂർണമായി കാലികൾക്കു ലഭിക്കുകയും ചെയ്യുന്നു.

നാർഡെപ് ടെക്നോളജി റിസോഴ്സ് സെന്റർ, അസോള വളർത്തുന്നതിന് ലളിതവും ചെലവുകുറഞ്ഞതും വളരെ ഫലപ്രദവുമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിൽ പോളിൻ/ പോളീഷീറ്റ് ഉപയോഗിച്ചുള്ള ഉത്പാദനരീതി കേരളത്തിന്റെ കാലാവസ്ഥയ്ക്കും പ്രകൃതിക്കും വളരെ യോജിച്ചതാണ്. മറ്റു കൃഷികളുടെ ഇടയിലും തണലിലും സിൽപോളിൻ ഉപയോഗിച്ച് നല്ല രീതിയിൽ കൃഷി ചെയ്യാവുന്നതാണ്. ഇതിന് ഒരു സ്ക്വയർ മീറ്റർ മുതൽ രണ്ട് സ്ക്വയർമീറ്റർ വരെ വിസ്തീർണവും ഒരടി താഴ്ചയുമുള്ള ഒരു കൃത്രിമ ജലാശയം ഉണ്ടാക്കുകയാണ് ആദ്യം വേണ്ടത്(സിൽപോളിൻഷീറ്റിന്റെ വിസ്തീർണമനുസരിച്ച് ജലാശയത്തിന്റെ വിസ്തീർണത്തിൽ മാറ്റം വരുത്താവുന്നതാണ്.) ഇതിനുവേണ്ടി നിർദിഷ്ടവലുപ്പത്തിലുള്ള ഒരു കുഴി തയ്യാറാക്കുക. കുഴിയുടെ ഉള്ളിൽനിന്നും എടുക്കുന്ന മണ്ണുകൊണ്ട് കുഴിയുടെ ചുറ്റും അരയടി ഉയരത്തിൽ തിട്ട തടം വയ്ക്കേണ്ടതാണ്. കുഴിയുടെ അടിത്തട്ടിൽ പഴയ പ്ലാസ്റ്റിക് ചാക്ക്, പേപ്പർ എന്നിങ്ങനെ എന്തെങ്കിലും ചുളിവില്ലാതെ നിരത്തുക. ഇതിനുമുകളിൽ തിട്ട മറയത്തക്കവിധം ഷീറ്റ് ചുളിവില്ലാതെ വിരിക്കുക. ഈ ഷീറ്റിൽനിന്ന് ഒരു സ്ക്വയർമീറ്ററിന് 5 കിലോഗ്രാം എന്ന കണക്കിന് പരലില്ലാത്ത വളക്കൂറുള്ള മണ്ണ് വിതറുക. തുടർന്ന് ഷീറ്റിൽ ഒരടി ഘനത്തിൽ വെള്ളം നിറയ്ക്കുക. ഇതിലേക്ക് ചതുരശ്രമീറ്ററിന് മൂന്നു കി. ഗ്രാം എന്ന കണക്കിന് ചാണകം( ബയോഗ്യാസ് സ്ലറി കൂടുതൽ ഉത്തമം) കലക്കുക. ഇതിലേക്ക് സൂപ്പർ ഫോസ്ഫേറ്റ് അല്ലെങ്കിൽ രാജ്ഫോസ് ചതുരശ്രമീറ്ററിന് ഒരു ടീസ്പൂൺ എന്ന കണക്കിൽ ചേർത്തിളക്കിയശേഷം 500 ഗ്രാം അസോള വിതറുക.

അസോളയുടെ വളർച്ചയിൽ മൂന്നു ഘട്ടങ്ങളാണുള്ളത്. അസോള ഒരു സ്ഥലത്ത് പുതുതായി കൃഷി ചെയ്യുമ്പോൾ ആദ്യത്തെ 10–15 ദിവസം വളർച്ച സാവധാനമായിരിക്കും (ലാഗ് ഫെയ്സ്) രണ്ടാംഘട്ടം ദ്രുതവളർച്ചാ ഘട്ടമാണ്. ഈ സമയത്ത് ഓരോ ദിവസവും അസോളയുടെ ഭാരം ഇരട്ടിയാകുന്നതാണ്. മൂന്നാംഘട്ടം ലൈംഗിക പ്രത്യുത്പാദന ഘട്ടമാണ്. ഈ സമയത്ത് വളർച്ചാനിരക്ക് കുറഞ്ഞുകുറഞ്ഞ് നിലയ്ക്കുന്നതാണ്. ലാഭകരമായ കൃഷിക്ക്, അഞ്ചു ദിവസത്തിലൊരിക്കൽ വളപ്രയോഗം നടത്തിയും ഓരോ ദിവസവും 300–500 ഗ്രാം അസോള മാറ്റിയും അസോളയെ ദ്രുതവളർച്ചാഘട്ടത്തിൽ നിലനിർത്തേണ്ടത് അത്യാവശ്യമാണ്. ■




13

മാത്യൂസ് ആർപ്പൂക്കര

## സീ ഓട്ടർ

കടലിലെ രോമക്കുപ്പായക്കാരാണ് കടലോട്ടറുകൾ അഥവാ സീ ഓട്ടറുകൾ. അലസ്കായിലെ തണുത്തുറഞ്ഞ കടൽപ്പരപ്പിൽ പര്യവേക്ഷണം നടത്തുന്നതിനിടെ റഷ്യൻ നാവികരാണ് ആദ്യമായി ഓട്ടറുകളെ കണ്ടെത്തിയത്. 1700ലാണിത്. കട്ടികൂടിയ രോമക്കുപ്പായമാണ് കടൽ ഓട്ടറുകളുടേത്. മറ്റു സീലുകളെപ്പോലെ ഇവയ്ക്കു തണുപ്പിൽ നിന്നു രക്ഷപ്പെടാൻ ശരീരത്തിൽ കൊഴുപ്പുപാളികളില്ല. പകരം പ്രകൃതി നൽകിയ സമ്മാനമാണ് രോമക്കുപ്പായം.

തണുപ്പിൽനിന്നു രക്ഷ നേടാനും ശരീരത്തിലെ ചൂട് നിലനിർത്താനും നനവില്ലാത്ത ഈ രോമകവചം ധാരാളമാണ്. എന്നാൽ, ഈ രോമക്കുപ്പായം വൃത്തിയായി സൂക്ഷിക്കാതെ അഴുക്കു കയറി ജടപിടിച്ചാൽ അതു നനഞ്ഞുകുതിർന്ന് തണുത്തുവിറങ്ങലിച്ചുള്ള മരണമായിരിക്കും ഫലം! അതിനാൽ ഈ രോമക്കുപ്പായം സംരക്ഷിക്കാനാണ് ഏറിയ നേരവും ഓട്ടർ ചെലവഴിക്കുക. ചിലപ്പോഴാകട്ടെ രോമങ്ങളിൽനിന്നു ഭക്ഷണാവശിഷ്ടങ്ങൾ കളയാൻ വെള്ളത്തിൽ കിടന്നുരുളും. മറ്റുചിലപ്പോൾ മുൻകൈകൾകൊണ്ട് രോമങ്ങൾ വൃത്തിയാക്കുന്ന കാഴ്ച നമുക്കു കാണാം. ഇതിനായി കരയിൽ കയറി വെയിൽ കായാനും സമയം കണ്ടെത്തും.



കക്കകളും പുറന്തോടുള്ള ചിലയിനം മീനുകളുമാണ് ഓട്ടറിന്റെ ഇഷ്ടഭക്ഷണം. വെള്ളത്തിൽ മുങ്ങിനടന്ന് അവയെ പിടികൂടാൻ ബഹുമിടുക്കരാണിവർ. വെള്ളത്തിലൂടെ തുഴക്കൈകൾ ഉപയോഗിച്ച് എത്ര നേരം നീന്താനും മുങ്ങാംകുഴിയിടാനും വിദഗ്ധരാണിവർ.


ചിലപ്പോൾ ഓട്ടർ വെള്ളത്തിൽ മലർന്നുകിടക്കുമ്പോൾ വയറിൻമേൽ ഒരു ചെറുകല്ല് കാണാം. വെള്ളത്തിൽനിന്നു തപ്പിയെടുത്ത ഈ കല്ല്, ഓട്ടറിന്റെ ജീവിതത്തിന്റെ ഒരു ഭാഗംതന്നെയാണ്. കട്ടികൂടിയ പുറന്തോടുള്ള കക്കകളും ശംഖുകളും ഞണ്ടുകളുമൊക്കെ തല്ലിപ്പൊട്ടിക്കാനുള്ള അവയുടെ ആയുധമാണത്. പല്ലുകൾകൊണ്ട് കടിച്ചുപൊടിക്കാനായില്ലെങ്കിൽ ഇതാണു മാർഗം.

സൂത്രശാലിയായ ഓട്ടർക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിനോദമെന്തെന്നോ? കടൽസസ്യങ്ങളിലോ ചണ്ടികളിലോ പതുങ്ങിക്കിടക്കൽതന്നെ. ഇതുകൊണ്ട് പല ഗുണമുണ്ട്. വിശ്രമമാണു പ്രധാനം. പിന്നെ ഇരപിടിത്തം. ചിലപ്പോൾ ചങ്ങാടത്തിലെന്നപോലെ കടൽത്തിരകളിലൂടെ സൗജന്യസഫാരി നടത്തുന്ന കാഴ്ചയും കാണാം.




## ദൈവരാജ്യം സത്യത്തിലും നീതിയിലും

ഗ്രന്ഥകർത്താ: ഡോ. ജെയിംസ് കിളിയനാനിക്കൽ
പ്രസാധനം : സോഫിയ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 100




ദൈവവചനത്തിലെ സത്യനീതിദർശനങ്ങളെ അവതരിപ്പിച്ചുകൊണ്ട് സഭ ദൈവരാജ്യമാകണമെങ്കിൽ സത്യത്തിന്റെ കെടാവിളക്കും നീതിയുടെ നിർഝരിയുമായി മാറണമെന്ന ഉദ്ബോധനമാണ് ഇതിന്റെ ഉൾക്കാമ്പ്.

## പരിശുദ്ധ കുർബാന ബൈബിൾ അടിസ്ഥാനങ്ങൾ

ഗ്രന്ഥകർത്താ: ജി. കടൂപ്പാറയിൽ, തോമസ് മുളപ്പഞ്ചേരിൽ
പ്രസാധനം : ലൈഫ് ഡേ, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 120




ക്രിസ്തീയജീവിതത്തിന്റെ ഉറവിടവും കേന്ദ്രവുമായ പരിശുദ്ധ കുർബാനയുടെ ബൈബിൾ അടിസ്ഥാനങ്ങളെക്കുറിച്ചുള്ള ആധികാരികഗ്രന്ഥം.

# നിഖ്യാ സൂനഹദോസ് ക്രൈസ്തവവൈക്യത്തിലേക്കു നയിക്കേണ്ട 'വടക്കുനോക്കിയന്ത്രം' : ലെയോ പാപ്പാ




വത്തിക്കാൻ: നിഖ്യാ സൂനഹദോസ് ഒരു ഗതകാലസംഭവം മാത്രമല്ല; സകല ക്രൈസ്തവരുടെയും സമ്പൂർണ്ണ ഐക്യത്തിലേക്കു നമ്മെ തുടർന്നും നയിക്കേണ്ട 'വടക്കുനോക്കിയന്ത്ര'വുമാണെന്ന് ലെയോ പാപ്പാ. സഭയിലെ പ്രഥമ സാർവത്രിക സൂനഹദോസായി കണക്കാക്കപ്പെടുന്ന നിഖ്യാസൂനഹദോസിന്റെ ആയിരത്തിയെഴുനൂറാം വാർഷികത്തോടനുബന്ധിച്ചു ജൂൺ നാലു മുതൽ ഏഴുവരെ റോമിൽ സംഘടിപ്പിക്കപ്പെട്ട എക്യുമെനിക്കൽ ചർച്ചായോഗത്തിന്റെ സമാപനദിനത്തിൽ സംസാരിക്കുകയായിരുന്നു പാപ്പാ.

റോമിലെ പൊന്തിഫിക്കൽ സർവകലാശാലകളിലൊന്നായ അഞ്ചേലിക്കുമിലെ എക്യുമെനിക്കൽ പഠനവിഭാഗവും അന്താരാഷ്ട്ര ഓർത്തഡോക്സ് ദൈവവിജ്ഞാനീയ സമിതിയും സംയുക്തമായി സംഘടിപ്പിച്ച ചർച്ചായോഗത്തിന്റെ പ്രമേയം 'നിഖ്യയും മൂന്നാം സഹസ്രാബ്ദത്തിലെ സഭയും: കത്തോലിക്കാ – ഓർത്തഡോക്സ് ഐക്യത്തിലേക്ക്' എന്നതായിരുന്നു. ഇതിനെ അനുസ്മരിച്ച പാപ്പാ നിഖ്യാ വിശ്വാസപ്രമാണം, സിനഡാത്മകത, ഉത്ഥാനത്തിരുനാൾ തീയതി എന്നിവ യോഗത്തിൽ ചർച്ചാവിഷയങ്ങളായിരുന്നതിനെക്കുറിച്ചു സൂചിപ്പിച്ചു. ഇവ നമ്മുടെ ക്രൈസ്തവൈക്യത്തെ, അതായത്, എക്യുമെനിക്കൽ യാത്രയെ സംബന്ധിച്ചിടത്തോളം പ്രസക്തങ്ങളാണെന്ന് പാപ്പാ പറഞ്ഞു. നമ്മെ വിഭജിക്കുന്നതിനെക്കാൾ അളവിലും ഗുണത്തിലും ശക്തമാണ് നമുക്കു പൊതുവായുള്ളവയെന്ന് ഊന്നിപ്പറയാനുള്ള വിലയേറിയ അവസരമാണ് 2025-ാമാണ്ടെന്നു നിഖ്യാ സൂനഹദോസിന്റെ ആയിരത്തിയെഴുന്നൂറാം വാർഷികത്തോടനുബന്ധിച്ച് അന്താരാഷ്ട്ര ദൈവശാസ്ത്ര വിജ്ഞാനീയസമിതി അടുത്തിടെ പുറപ്പെടുവിച്ച ഒരു രേഖയിൽ പറഞ്ഞിട്ടുള്ളത് പാപ്പാ അനുസ്മരിച്ചു.

ത്രിയേകദൈവത്തിലും, സത്യമനുഷ്യനും സത്യദൈവവുമായ യേശുക്രിസ്തുവിലുമുള്ള രക്ഷയിലും പരിശുദ്ധാവിന്റെ പ്രവർത്തനത്തിലും നാം വിശ്വസിക്കുന്നതിനെക്കുറിച്ചും പാപ്പാ വിശദീകരിച്ചു.

സിനഡാത്മകതയെന്ന പ്രമേയത്തെക്കുറിച്ചു പരാമർശിച്ച പാപ്പാ, ദൈവശാസ്ത്രപരവും കാനോനികവുമായ പ്രശ്നങ്ങൾ സാർവത്രികതലത്തിൽ കൈകാര്യം ചെയ്യുന്നതിൽ സഭ പിന്തുടരേണ്ട ഒരു സിനഡാത്മക പാത നിഖ്യാ സൂനഹദോസ് തുറന്നുതന്നുവെന്നു പറഞ്ഞു.

# മാർ മാത്യു മാക്കീൽ ധന്യപദവിയിലേക്ക്



ദൈവദാസൻ മാർ മാത്യു മാക്കീൽ ഉൾപ്പെടെ മൂന്നു ധന്യാത്മാക്കളുടെ വീരോചിതസുകൃതങ്ങൾ വത്തിക്കാൻ അംഗീകരിച്ചു. സ്പെയിനിൽനിന്നുള്ള ദൈവദാസൻ ബിഷപ് അലെജാൻദ്രോ ലബാക്ക ഉഗാർത്തെ, കൊളംബിയയിൽനിന്നുള്ള ദൈവദാസി സിസ്റ്റർ അഞ്ചേസെ, അറാങ്കോ വെലാസ്കസ് എന്നിവർ ദൈവദാസൻ മാർ മാത്യു മാക്കീലിനോടൊപ്പം ധന്യപദവിയിലേക്ക് ഉയർത്തപ്പെടും.

കോട്ടയം: ചങ്ങനാശ്ശേരി വികാരിയാത്തിന്റെയും കോട്ടയം വികാരിയാത്തിന്റെയും പ്രഥമവികാരി അപ്പസ്തോലിക്കയും വിസിറ്റേഷൻ സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകനുമായ മാർ മാത്യു മാക്കീൽ ധന്യൻ പദവിയിലേക്ക്. 1889 മുതൽ കോട്ടയം വികാരിയാത്തിൽ തെക്കുംഭാഗക്കാർക്കായുള്ള വികാരി ജനറാളും തുടർന്ന് 1896 മുതൽ ചങ്ങനാശ്ശേരിയുടെയും 1911 ൽ ക്നാനായ കത്തോലിക്കർക്കായി സ്ഥാപിക്കപ്പെട്ട കോട്ടയത്തിന്റെയും പ്രഥമ തദ്ദേശീയ അപ്പസ്തോലിക വികാരിയായിരുന്നു ദൈവദാസൻ ബിഷപ് മാർ മാത്യു മാക്കീൽ.

1857 മാർച്ച് 27 ന് കോട്ടയത്തിനടുത്തുള്ള മാഞ്ഞൂരിൽ ജനിച്ച അദ്ദേഹം 1914 ജനുവരി 26 ന് കോട്ടയത്താണ് ദിവംഗതനായത്. ഇടയ്ക്കാട്ട് സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിലാണ് കബറിടം സ്ഥിതി ചെയ്യുന്നത്.

# 1950 ൽ ജനിച്ച രൂപതാംഗങ്ങൾക്ക് ആദരം

പാലാ: രൂപത സ്ഥാപിതമായ 1950 ൽ ജനിച്ച രൂപതാംഗങ്ങളായ 1460 പേരെ ആദരിക്കുന്നു. ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ മാതൃവേദി, പിതൃവേദി, പ്രോലൈഫ് എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന 'ലിഫ് ഗോഷ് @75' 22 ന് ഉച്ചകഴിഞ്ഞ് 2 ന് ളാലം സെന്റ് മേരീസ് പഴയപള്ളി ഓഡിറ്റോറിയത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും. രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ അധ്യക്ഷത വഹിക്കും.



പാലാ രൂപതയുടെ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽനിന്ന് നൂറുശതമാനം വിജയം കരസ്ഥമാക്കിയ സ്കൂളുകളെയും എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയവരെയും അനുമോദിക്കുന്ന സമ്മേളനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. മാണി സി. കാപ്പൻ എം.എൽ.എ, കോർപറേറ്റ് സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, ടീച്ചേഴ്സ് ഗിൽഡ് ഡയറക്ടർ ഫാ. ജോർജ് വരകുകാലാപ്പറമ്പിൽ, അക്കാദമിക് കൗൺസിൽ ഡയറക്ടർ ഫാ. ജോർജ് പറമ്പിത്തടത്തിൽ, ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ജോബി കുളത്തറ, അനഘ രാജീവ് എന്നിവർ സമീപം.

# സമൂഹത്തിന്റെ വളർച്ചയിൽ പൊതുവിദ്യാലയങ്ങളുടെ പങ്ക് നിർണായകം: മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: പൊതുസമൂഹത്തിന്റെ വളർച്ചയിൽ പൊതുവിദ്യാലയങ്ങൾ വഹിച്ച പങ്ക് നിർണായകമാണെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽനിന്ന് നൂറുശതമാനം വിജയം കരസ്ഥമാക്കിയ സ്കൂളുകളെയും എസ്എസ്എൽസി, പ്ലസ്ടൂ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർഥികളെയും അനുമോദിക്കുന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. അക്കാദമിക്മികവിനെക്കാൾ മൂല്യങ്ങൾക്കു വില കല്പിക്കുന്ന തലമുറയാണ് വളർന്നുവരേണ്ടതെന്നും മൂല്യങ്ങൾ പരിശീലിപ്പിക്കുന്നതിന് അധ്യാപകർ പ്രാധാന്യം നൽകണമെന്നും ബിഷപ് പറഞ്ഞു.

മാണി സി. കാപ്പൻ എം.എൽ.എ, കോർപ്പറേറ്റ് സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, ടീച്ചേഴ്സ് ഗിൽഡ് ഡയറക്ടർ ഫാ. ജോർജ് വരകുകാലാപ്പറമ്പിൽ, അക്കാദമിക് കൗൺസിൽ ഡയറക്ടർ ഫാ. ജോർജ് പറമ്പിത്തടത്തിൽ, ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ജോബി കുളത്തറ, സെക്രട്ടറി ഷിനു ആനത്താരയ്ക്കൽ, പ്ലസ്ടു പരീക്ഷയിൽ മുഴുവൻ മാർക്ക് നേടിയ അനഘ രാജീവ് എന്നിവർ പ്രസംഗിച്ചു.

# സർക്കാർ തുടരുന്നത് അപകടകരമായ മദ്യനയം

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

എറണാകുളം: സംസ്ഥാന സർക്കാർ തുടരുന്നത് ചരിത്രത്തിലെ ഏറ്റവും അപകടകരമായ മദ്യനയമെന്ന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ സംസ്ഥാനനേതൃസമ്മേളനം. ഈ സർക്കാർ മദ്യശാലകളോട് ഉദാരസമീപനമാണ് സ്വീകരിക്കുന്നത്. നാടൊട്ടുക്കും ബാറുകളും ബിവറേജസ് കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകളും കള്ളുഷാപ്പുകളും യഥേഷ്ടം തുറന്നുകൊടുക്കുന്നു.

പാലക്കാട്ടെ ഇലപ്പുള്ളിയിൽ ഡിസ്റ്റിലറി – ബ്രൂവറി സ്ഥാപിക്കുന്നതിനായി ഉപതിരഞ്ഞെടുപ്പു കഴിയാൻ കാത്തിരിക്കുന്നു. കള്ളുഷാപ്പുകളിൽ കുടുംബസമേതം വരാവുന്ന സാഹചര്യമൊരുക്കുമെന്നുവരെ എക്സൈസ് വകുപ്പുമന്ത്രി പരസ്യമായി പ്രഖ്യാപിക്കുന്നു. സർക്കാരിന്റെ ഈ നടപടികൾ ജനത്തോടുള്ള വെല്ലുവിളിയാണ്.

അന്താരാഷ്ട്ര ലഹരിവിരുദ്ധദിനമായ ജൂൺ 26 ന് കേരള കത്തോലിക്കാസഭയുടെ ആഹ്വാനമനുസരിച്ച് സീറോ മലബാർ, മലങ്കര, ലത്തീൻ റീത്തുകളിലെ മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ലഹരിവിരുദ്ധ പ്രതിജ്ഞയും അസംബ്ലിസന്ദേശങ്ങളും നൽകും. 25 ന് സംസ്ഥാനതല ഉദ്ഘാടനം തൃശൂരിൽ നടക്കും. ജൂലൈ 24 ന് സമിതിയുടെ സംസ്ഥാന വാർഷിക ജനറൽ ബോഡി സമ്മേളനം പാലാരിവട്ടം പി.ഒ.സി.യിൽ നടക്കും.

പാലാരിവട്ടം പി.ഒ.സിയിൽ നടന്ന നേതൃയോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഫാ.ജോൺ അരീക്കൽ അധ്യക്ഷതവഹിച്ചു. സംസ്ഥാനചെയർമാൻ ബിഷപ് ഡോ. യൂഹാനോൻ മാർ തെയോഡോഷ്യസ് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാനസെക്രട്ടറി പ്രസാദ് കുരുവിള, ആന്റണി ജേക്കബ്, കെ.പി.മാത്യു, സി.എക്സ്. ബോണി, ഫാ. ദേവസി പന്തല്ലൂക്കാരൻ, ഫാ. ആന്റണി അറയ്ക്കൽ, അന്തോണിക്കുട്ടി ചെതലൻ, തോമസ് കോശി, റ്റി.എസ്. എബ്രാഹം, ഫാ. വിൽസൺ കുരുട്ടുപറമ്പിൽ, ഫാ. ജിനു ചാരത്തുചാമക്കാല, ഫാ. ഹെൽബിൻ മീമ്പള്ളിൽ, ഫാ. ടോണി കോട്ടയ്ക്കൽ, ഫാ. തോമസ് ഷാജി, ഫാ. മാത്യു കുഴിപ്പള്ളിൽ, ഫാ. ജെറാൾഡ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

Deepanalam Weekly

RNI No : 16998/68
Vol. 58 No. 15 Date of Publication 12 June 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment


# വിജയങ്ങളും നേട്ടങ്ങളുമായി 25-ാം വർഷത്തിന്റെ നിറവിൽ ELIZABETH INTERNATIONAL ജൈത്രയാത്ര തുടരുന്നു..




LANGUAGE ACADEMY | STUDY ABROAD | RECRUITMENT | IMMIGRATION

## Courses Offered

GERMAN A1 A2 B1 B2 | IELTS | OET | PTE | TOEFL | DANISH | FRENCH
PROMETRIC | HAAD | DHA | CBT | NCLEX-RN | SPOKEN ENGLISH | CGFNS
SPOKEN GERMAN | EXAM PREPARATIONS

## STUDY ABROAD

30+ COUNTRIES | 700+ UNIVERSITIES | 2000+ COURSES

EXPERT GUIDANCE FOR
AUSTRALIA, NEW ZEALAND, CANADA, UK, IRELAND ETC.



## Other services

NURSING RECRUITMENT | VISA PROCESSING
NURSING AUSBILDUNG

## NURSING LICENSES

NMC | NMBI | AHPRA | DATAFLOW | CGFNS

**Head Office:** Mareena Towers, Kattakayam Road Pala, Kottayam
**Reg Office:** Metro Pillar No.395, 2nd Floor, Building.34/675, Edappally, Kochi
**International Headquarters :** 104 Clay Farm Drive, Trumpington, Cambridge, England, CB2 9BY

ELIZABETH® INTERNATIONAL

+91 9317 800 600 | +91 9317 800 700 | 04822-213986 | +443 338 802 340

# 2025 - 2026 ADMISSION STARTED




## PARAMEDICAL COURSES

DIPLOMA COURSES SSLC passed students

- Diploma in Medical Laboratory Technology (DMLT)
- Diploma in Radiography & Imaging Tech. (DRIT)
- Diploma in Anaesthesia Technology (DAT)
- Diploma in Operation Theatre Technology (DOT)
- Diploma in Dialysis Technology
- Diploma in Cardio Vascular Technology (DCVT)
- Diploma in CSSD
- Diploma in Neuro Science Technology

(NCVRT Programmes)

SHORT TERM COURSES

- Care Taker
- General Duty Assistant
- Geriatric Nursing
- Nursing Assistant

എല്ലാ കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു

N.B. • ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. • കോളജിനോടനുബന്ധിച്ചുള്ള പ്ലേസ്മെന്റ് സെല്ലിൽനിന്നു പഠിച്ചു വിജയിച്ച് പ്രാക്ടിക്കലിനുശേഷം എല്ലാവർക്കും ജോലി ഏർപ്പെടുത്തി നല്കുന്നതാണ്. • 1972 മുതൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും പ്രമുഖ പാരാമെഡിക്കൽ പരിശീലന കോളജായ ഇവിടെ നിന്നും പഠിച്ച് രണ്ടുവർഷത്തെ പ്രവൃത്തിപരിചയം നേടിയതിനുശേഷം താത്പര്യമുള്ളവർക്ക് വിദേശജോലി ലഭിക്കുന്നതിനായി വേണ്ടതായ മാർഗത്തിലൂടെ നിർദേശം നൽകുന്നതാണ്. • 2025–26 വിദ്യാഭ്യാസവർഷത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ രക്ഷിതാക്കൾക്കൊപ്പം നേരിട്ടു കോളജിൽ വന്ന് 500 രൂപാ ഓഫീസിൽ അടച്ച് പ്രോസ്പെക്ടസും അപേക്ഷാഫാറവും വാങ്ങി എത്രയുംവേഗം പൂരിപ്പിച്ചു നൽകേണ്ടതാണ്.

BHARAT GROUP OF INSTITUTIONS Since 1970

# BHARAT

## EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE

ANDOOR, PALA, KOTTAYAM (PALA - VAIKOM ROUTE)

Phone: 9447507858, 04822-250310, 8921712807


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org